
# ലത്തീൻ
# വചനബോധി

Vol.18 No. 07 July 2021



കാരുണികൻ
സമഗ്ര ദൈവശാസ്ത്ര മാസിക

# വചനബോധി
## ലത്തീൻ


**പത്രാധിപസമിതി**

- ഫാ.ജോയി ചെഞ്ചേരിൽ (എഡിറ്റർ)
- ഡോ.ലോറൻസ് കുലാസ്
- ഫാ.ചാക്കോ വടക്കേത്തലയ്ക്കൽ
- ഫാ.സ്റ്റെബിൻ വിതയത്തിൽ


## ഉള്ളടക്കം


**ആഗസ്റ്റ് 01 ___ ആണ്ടുവട്ടം 18-ാം ഞായർ**
Page : 03 — പുറ 16:2 – 4, 12 – 15; എഫേ 4:17,20 – 24; യോഹ 6:24 – 35
● ഡോ. ലോറൻസ് കുലാസ്
● ഫാ. മെൽട്ടസ് ചാക്കോ കൊല്ലശ്ശേരി

**ആഗസ്റ്റ് 08 ___ ആണ്ടുവട്ടം 19-ാം ഞായർ**
Page : 11 — 1 രാജാ 19:4 – 8; എഫേ 4:30 – 5:2; യോഹ 6:41 – 51
● ഡോ. ലോറൻസ് കുലാസ്
● ഫാ. പ്രിൻസ് മാളിയേക്കൽ

**ആഗസ്റ്റ് 15 ___ പരി.ദൈവമാതാവിന്റെ സ്വർഗാരോപണം**
Page : 18 — വെളി 11:19a, 12:1 – 6a, 10ab; 1 കോറി 15:20 – 27; ലൂക്കാ 1:39 – 56
● ഡോ. ലോറൻസ് കുലാസ്
● ഫാ. ജോൺ ക്യാപിസ്റ്റൻ ലോപ്പസ്

**ആഗസ്റ്റ് 22 ___ ആണ്ടുവട്ടം 21-ാം ഞായർ**
Page : 26 — ജോഷ്വ 24:1 – 2a, 15 – 17, 18b; എഫേ 5:21 – 32; യോഹ 6:60 – 69
● ഡോ. ലോറൻസ് കുലാസ്
● ഡോ. എ.ആർ. ജോൺ

**ആഗസ്റ്റ് 29 ___ ആണ്ടുവട്ടം 22-ാം ഞായർ**
Page : 34 — നിയ 4:1 – 2,6b – 8; യാക്കോ 1:17 – 18,21b – 22,27; മർക്കോ7 :1 – 8,14 – 15,21 – 23
● ഡോ. ലോറൻസ് കുലാസ്
● ഫാ. സാമുവേൽ ofm cap.

# ആഗസ്റ്റ് 01
# ആണ്ടുവട്ടം 18 – ാം ഞായർ

## ഭാഷ്യം
പുറ 16:2-4,12-15; എഫേ 4:17,20-24

യോഹ 6:24-35

### സന്ദർഭം

യോഹന്നാൻ സുവിശേഷകൻ ഏറെ ശ്രദ്ധാപൂർവ്വമാണ് ആറാം അധ്യായം തയ്യാറാക്കിയിരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കാനാകും. വിവരണവും (Narrative) സംവാവും (Dialogue) പ്രഭാഷണവും (Discourse) ഇടകലർത്തി രൂപപ്പെടുത്തിരിക്കുന്നുവെന്നതാണ് ഈ അധ്യായത്തിന്റെ സവിശേഷത. അഞ്ചാം അധ്യായത്തിൽ നല്കപ്പെട്ട മാതൃക സുവിശേഷകൻ 6-ാം അധ്യായത്തിലും അനുവർത്തിക്കുന്നു: അത്ഭുതം/സംവാദം/പ്രഭാഷണം. എങ്കിലും ആറാം അധ്യായത്തിൽ പ്രസ്തുത മാതൃകയിലൂടെ ജനക്കൂട്ടത്തിനും ശിഷ്യർക്കുമുള്ള യേശുവിന്റെ സ്വയം വെളിപ്പെടുത്തലിനാണ് സുവിശേഷകൻ പ്രാധാന്യം നല്കുന്നത്. ആ യതിനാൽ ആറാം അധ്യായത്തിൽ ഒരത്ഭുതം ജനക്കൂട്ടത്തിനു മുമ്പിലും (6:1-15) മറ്റൊരത്ഭുതം ശിഷ്യരുടെ മുന്നിലും (6:16-21) യേശു പ്രവർത്തിക്കുന്നു. ഈ ദ്വിവിധമായ ഫോക്കസ് സംവാദം -പ്രഭാഷണം ഘടകത്തിലും കാണാൻ കഴിയും. അപ്രകാരം, 6:35-59-ൽ യേശു സംസാരിക്കുന്നത് ജനക്കൂട്ടത്തോടാണ്; 6: 60-71-ൽ യേശു ശിഷ്യരോടുമാത്രം സംസാരിക്കുന്നു. ഈ സവിശേഷ അധ്യായത്തിലെ യേശുവും ജനക്കൂട്ടവും തമ്മിലുള്ള സംവാദ ഭാഗമാണ് ഇന്നത്തെ സുവിശേഷം.

## സാരം

1. യേശു വർധിപ്പിച്ച അപ്പം ഭക്ഷിച്ച ജനക്കൂട്ടം യേശുവിനെ അന്വേഷിക്കുന്നു. അപ്പം വർധിപ്പിച്ച സ്ഥലത്ത് യേശു ഇല്ലായെന്ന് മനസ്സിലാക്കുന്ന അവർ ഒരു വഞ്ചിയിൽ കയറി യേശുവിനെ അന്വേഷിച്ച് കഫർണാമിലെത്തുന്നു (6:24). തുടർന്ന് യേശുവും ജനക്കൂട്ടവും തമ്മിലുള്ള സംഭാഷണത്തിനും അവിടുത്തെ പ്രഭാഷണത്തിനും കഫർണാം വേദിയാകുന്നു. കഫർണാമിൽ വച്ചുള്ള ജനക്കൂട്ടത്തിന്റെ യേശുവിനോടുള്ള ആദ്യ ചോദ്യം (6:25 - 'റബ്ബീ, അങ്ങ് എപ്പോൾ ഇവിടെയെത്തി'?) വായനക്കാരെ ഓർമിപ്പിക്കുന്നത് അവർ യേശു പ്രവർത്തിച്ച അത്ഭുതത്തെക്കുറിച്ച് അജ്ഞരാണെന്നാണ്. അതിനാൽ, ജനക്കൂട്ടത്തിന്റെ ചോദ്യത്തിന് യേശു ഉത്തരം നല്കുന്നില്ല. പകരം തന്നെ അന്വേഷിക്കുന്ന ജനക്കൂട്ടത്തിന്റെ ലക്ഷ്യത്തിലേക്ക് യേശു സംഭാഷണം വഴി തിരിച്ചുവിടുന്നു (6:26). യേശു പ്രവർത്തിച്ച അത്ഭുതത്തെ ജനക്കൂട്ടം ഒരു 'അടയാള 'മായി കാണാതെ അവരുടെ വയറു നിറയ്ക്കുന്നതിനുള്ള ഒരു മാർഗമായി മാത്രം അതിനെ കാണുന്നു. അത്ഭുതത്തെ 'അടയാള' മായാണ് യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നത് (കാണുക, 2:1-11, 4:46-54). ജീവൻ നല്കുന്ന യേശുവിന്റെ അടയാളങ്ങൾ കാണുന്ന ശിഷ്യർ യേശുവിൽ വിശ്വസിക്കുന്നു (2:11; 4:53). എന്നാൽ അപ്പം വർധിപ്പിച്ച അടയാളം കണ്ട ജനക്കൂട്ടം യേശുവിലുള്ള വിശ്വാസത്തിലേയ്ക്ക് വളരുന്നില്ല. അതുകൊണ്ട് യേശു അവരുടെ ഹൃദയകാപട്യത്തിലേക്ക് തിരിയുന്നു. നശ്വരമായ അപ്പമാണ് അവർ അന്വേഷിക്കുന്നതെന്നും പകരം അനശ്വരമായത് അന്വേഷിക്കണമെന്നും യേശു വ്യക്തമാക്കുന്നു (6:27). മനുഷ്യപുത്രന് അനശ്വരമായ അപ്പം നല്കാൻ കഴിയും. കാരണം അവിടുന്നു പിതാവായ ദൈവത്തിന്റെ മുദ്രതന്നെയാണ്.

2. അനശ്വരമായ അപ്പം അന്വേഷിക്കണമെന്ന നിർദ്ദേശം ജനക്കൂട്ടം ശ്രവിച്ചുവെന്നതിന്റെ സൂചനയാണ് തുടർന്ന് സുവിശേഷകൻ നല്കുന്നത്. അതുകൊണ്ടാണ് ദൈവഹിതമനുസരിച്ച് ജീവിക്കാൻ എന്ത് ചെയ്യണമെന്ന് അവർ ചോദിക്കുന്നത് (6:28). അവരുടെ ചോദ്യം കേൾക്കുമ്പോൾ യേശു തന്റെ തന്നെ

അനന്യതയിലേയ്ക്ക് തിരിയുന്നു. താൻ പിതാവിനാൽ അയയ്ക്കപ്പെട്ടവനാണെന്നും അതിനാൽ തന്നിൽ വിശ്വസിക്കുന്നവൻ പിതാവിൽതന്നെയാണ് വിശ്വസിക്കുന്നതെന്നുമാണ് യേശു നല്കുന്ന മറുപടി (6:29). ഉടനെ അവർ "കണ്ട് വിശ്വസിക്കേണ്ടതിന്" അടയാളം അന്വേഷിക്കുന്നു (6:30). ഇവിടെ ജനക്കൂട്ടത്തിന്റെ വിശ്വാസത്തിന്റെ ഉപവിപ്ലവസ്വഭാവം വ്യക്തമാകുന്നു. കാരണം, അവരുടെ കൺമുമ്പിൽ വച്ച് യേശു പ്രവർത്തിച്ച അടയാളം അവർ തിരിച്ചറിയുന്നില്ല. മരുഭൂമിയിലെ തങ്ങളുടെ പൂർവ്വികരുടെ അനുഭവം - മന്ന ഭക്ഷിച്ച അനുഭവം - ചോദ്യത്തിന് അവലംബമായി എടുത്ത് കാട്ടുന്നു (6:31). പക്ഷേ യേശു അവരുടെ അറിവിനെ തിരുത്തികൊണ്ട് ഒരു പുതിയ വെളിപാട് നടത്തുന്നു. മോശയല്ല, യേശുവിന്റെ സ്വർഗസ്ഥനായ പിതാവാണ് സ്വർഗത്തിൽനിന്ന് അപ്പം നല്കുന്നവൻ. ഈ അപ്പമാകട്ടെ ജീവൻ നല്കുന്നതുമാണ് (6:32-33). അവർക്ക് ഭക്ഷിക്കാൻ നല്കിയവൻ തന്നെ അടയാളമാണെന്ന് പ്രസ്താവിച്ചുകൊണ്ട് ജനക്കൂട്ടത്തിന്റെ ചോദ്യത്തിന് യേശു ഉത്തരം നല്കുന്നു. കാരണം യേശുവാണ് "സ്വർഗത്തിൽ നിന്ന് ഇറങ്ങിവന്ന ദൈവത്തിന്റെ അപ്പം," അവിടുന്നാണ് "ലോകത്തിന് ജീവൻ നല്കുന്നത്" (6:33). അങ്ങനെ "ദൈവത്തിന്റെ അപ്പ"ത്തെക്കുറിച്ചുള്ള വിവരണത്തിൽ അപ്പം വർധിപ്പിച്ച അത്ഭുതം മാത്രമല്ല യേശുവും സംഭാഷണത്തിന്റെ യഥാർത്ഥ വിഷയമെന്ന് തിരിച്ചറിയാൻ നമ്മെ പ്രാപ്തമാക്കുന്നു.

3. യേശുവാണ് യഥാർത്ഥ 'അപ്പം' എന്ന് ശരിയായി മനസിലാക്കാതെ ജനക്കൂട്ടം "കർത്താവേ, ഈ അപ്പം ഞങ്ങൾക്ക് എപ്പോഴും നല്കണമേ" എന്ന് അപേക്ഷിക്കുന്നു (6:34). ജനക്കൂട്ടം 'അപ്പം' ആവശ്യപ്പെടുന്നതും സമരിയക്കാരി സ്ത്രീ 'വെള്ള'ത്തിനായി അഭ്യർത്ഥിക്കുന്നതും (4:15) തമ്മിലുള്ള സാ മ്യത സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. സമരിയക്കാരി സ്ത്രീയെപ്പോലെ, ജനക്കൂട്ടം യേശുവിന്റെ വാക്കുകളുടെ ഒരു ഭാഗം മാത്രമേ മനസ്സിലാക്കിയിട്ടുള്ളൂ; അതായത് യേശു നല്കുന്ന അപ്പം അവരുടെ പൂർവ്വികർക്ക് നല്കപ്പെട്ട അപ്പത്തെക്കാൾ നല്ലതാണ്. എന്നാൽ എന്തുകൊണ്ടാണിത് നല്ലതെന്ന്

അവർ മനസ്സിലാക്കുന്നില്ല. യേശു വാഗ്ദാനം ചെയ്യുന്ന അപ്പം 'എപ്പോഴും' നല്കപ്പെടുന്നില്ല. പക്ഷേ അത് യേശുവെന്ന വ്യക്തിയിൽ ഒരിക്കൽ മാത്രം നല്കപ്പെടുന്നു. അതുകൊണ്ട് യേശു സ്വയം വെളിപ്പെടുത്തുന്നു: "ഞാനാണ് ജീവന്റെ അപ്പം" (6:35മ). ജനക്കൂട്ടം ആവശ്യപ്പെട്ട അപ്പം അവരുടെ മുമ്പിൽ തന്നെയുണ്ട്, അവർ അഭ്യർത്ഥിച്ച വ്യക്തി താനാണെന്ന് യേശു പ്രഖ്യാപിക്കുന്നു. യേശുവിൽ മാനുഷിക ആഗ്രഹങ്ങൾ മാത്രമല്ല ശാശ്വതമായ നിലനില്പും സാധ്യമാകുന്നു. തുടർന്നുള്ള പ്രസ്ഥാവന ഇത് വ്യക്തമാക്കുന്നു: "എന്റെ അടുത്തു വരുന്നവന് ഒരിക്കലും വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കുകയുമില്ല" (6:35a). യേശുവിലേയ്ക്ക് 'വരുന്നതും' 'വിശ്വസിക്കുന്നതും' പര്യായപദങ്ങളാണിവിടെ. 'വിശക്കുക,' 'ദാഹിക്കുക' എന്ന പ്രയോഗങ്ങൾക്ക് നിരവധി പ്രതീകാത്മക അർത്ഥങ്ങളുണ്ട്. ഒന്ന്, പുറപ്പാട്: മരുഭൂമി യാത്രയിൽ ദൈവം ഇസ്രായേല്യരുടെ വിശപ്പിനും ദാഹത്തിനും മന്നായും (പുറ 6-ാം അധ്യായം) പാറയിൽ നിന്ന് ജലവും (സംഖ്യ 20:9-13) ന ല്കി. രണ്ട്, ഹെബ്രായ ജ്ഞാനപാരമ്പര്യം: ദൈവത്തിന്റെ വെളിപാട് ഇസ്രായേല്യരുടെ ഭക്ഷണവും ജലവുമായി ചിത്രീകരിക്കപ്പെടുന്നു (സുഭാ 9:5; പ്രഭാ 24:21). അപ്രകാരം ചിന്തിക്കുമ്പോൾ 'ജീവന്റെ അപ്പം' യേശുവിന്റെ പ്രബോധനവും വെളിപാടുമാണ്. അവസാനമായി, ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുക എന്ന പ്രതീകം ദിവ്യബലിയുമായി ബന്ധപ്പെട്ടിരിക്കുന്നു (6:51-58 കാണുക). ദിവ്യബലിയുടെ പ്രതീകാത്മകതയാണ് ഇവിടെ ദർശിക്കാൻ കഴിയുന്നത്. മനുഷ്യജീവന് ആവശ്യമായത് യേശുവിൽ ലഭ്യമാണ്.

4. ശുദ്ധജലത്തിനായുള്ള ദാഹമാണ് മാറായിൽ വച്ച് ദൈവത്തിനെതിരായി പിറുപിറുക്കാൻ ഇസ്രായേല്യർക്ക് പ്രേരണയായത് (പുറ 15:22-27). എന്നാൽ മരുഭൂമിയിൽ യാത്രചെയ്യുന്ന ഇസ്രായേല്യർക്ക് വിശപ്പ് പ്രശ്നവും പ്രതിസന്ധിയുമായി മാറുന്നതും ദൈവം അവരെ പരിപാലിക്കുന്നതുമാണ് ഇന്നത്തെ ഒന്നാം വായന (പുറ 16:2-4, 12-15). ആരിലേക്കു തിരിയണം എന്ന് ഇതുവരെ തിരിച്ചറിയാത്ത ഇസ്രായേല്യർ ദൈവത്തിനെതിരെ വീണ്ടും പിറുപിറുക്കുന്നു. അവരുടെ ഓർമകൾ ഈജി

പ്തിലെ ജീവിത സാഹചര്യങ്ങളിലേക്ക് തിരികെ പോകുന്നു. മാത്രമല്ല അവർക്ക് ലഭ്യമായ രക്ഷയെക്കുറിച്ച് അവർ സങ്കട പ്പെടുകയും ചെയ്യുന്നു (16:1-4). അതായത്, ഇതിലും ഭേദം, ഈജിപ്തിലെ അടിമത്തകാലത്തെ സുരക്ഷിതത്വമായിരുന്നു എന്ന് അവർ കരുതിപോകുന്നു. വളരെ കരുതലോടെ പരിപാലി ച്ചിട്ടും ദൈവത്തെ അറിഞ്ഞ് അംഗീകരിക്കുന്നതിൽ വിമുഖത കാണിക്കുന്ന ജനത്തിന്റെ ചിത്രമാണ് ഇവിടെ തെളിഞ്ഞ് വരു ന്നത്. എന്നാൽ ജനത്തിന്റെ പരാതിയെ ദൈവം തന്റെ പരിപാ ലനാവൈഭവം കൊണ്ടു നേരിടുന്നു (16:12-15). ദൈവം തന്റെ ജനത്തോട് കർക്കശമായി പെരുമാറാതെ, അവയെ ദൈവാനു ഗ്രഹത്തിന്റെ വേദികളാക്കി രൂപാന്തരപ്പെടുത്തുന്നു. ദൈവം ത ന്റെ ജനത്തിന്റെ ശാരീരിക പോഷണത്തിനായി മന്ന നല്കു ന്നു. മരുഭൂമി വാസത്തിനിടയിൽ ഇസ്രായേല്യർ ഭക്ഷിച്ച ഭക്ഷ ണപദാർത്ഥമാണ് മന്ന. ഇത് ഭൂമിയുടെ ഉപരിതലത്തിൽ പൊടി മഞ്ഞുപോലെ വെളുത്തുരുണ്ടു ലോലമായി കിടക്കുന്ന ഒരു പ ദാർത്ഥമായിരുന്നു. ഈ വസ്തുവിനെ കണ്ടപ്പോൾ ഇതെന്താണ് എന്ന് ഇസ്രായേല്യർ പരസ്പരം ചോദിച്ചു. 'ഇതെന്താണ്' എന്നർത്ഥമുള്ള '*മാൻഹു*' എന്ന ഹീബ്രുപദത്തിൽ നിന്നാണ് മന്ന എന്ന പേരുണ്ടായത്. തന്റെ ജനത്തിന് ആഹാരം നല്കുന്ന ദൈവം ജീവിതത്തിന്റെ പരിപാലകൻതന്നെയാണ്.

## സന്ദേശം

ദൈവം മന്ന നല്കി തന്റെ ജനത്തെ അത്ഭുതകരമായി പോ റ്റുന്ന ചിത്രം പുറപ്പാട് ഗ്രന്ഥലേഖകൻ ദൈവത്തിന്റെ സാന്നി ധ്യത്തിന്റെയും പരിപാലനയുടെയും അടയാളമായി വരച്ചുകാ ട്ടുമ്പോൾ യോഹന്നാൻ സുവിശേഷകൻ ജീവന്റെ അപ്പമായ യേശുവിനെ സ്വീകരിക്കുക വഴി ദൈവത്തിന്റെ നിത്യമായ പരി പാലനവും കരുതലും ലഭ്യമാകുന്നവെന്ന് സ്പഷ്ടമാക്കുന്നു. മന്ന ജനത്തിന്റെ ശാരീരിക പോഷണത്തിന് നിദാനമാകുന്നു വെങ്കിൽ 'ജീവന്റെ അപ്പം' ആത്മാവിന് പോഷണമായി മാറു ന്നു. അപരന്റെ ഭൗതീക ആവശ്യങ്ങൾ നിവർത്തിക്കുകവഴി നിത്യജീവന് അവകാശികളാകാൻ നാം ക്ഷണിക്കപ്പെടുന്നു.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## അനശ്വരമായ അപ്പം

യോഹന്നാന്റെ സുവിശേഷം ആറാം അധ്യായം അറിയപ്പെടുന്നത്. അപ്പത്തിന്റെ സുവിശേഷം എന്നാണ്. യേശു അപ്പം വർധിപ്പിക്കുന്നതിന്റെയും വെള്ളത്തിനുമീതെ നടന്ന സംഭവത്തിന്റെയും വ്യാഖ്യാനവും വിശദീകരണവുമാണ് ജീവന്റെ അപ്പത്തെപ്പറ്റിയുള്ള പ്രഭാഷണത്തിലുള്ളത്. യേശുവിനെ അന്വേഷിച്ചെത്തിയ ജനക്കൂട്ടത്തോടാണ് ജീവന്റെ അപ്പത്തെപ്പറ്റി അവിടുന്ന് സംസാരിക്കുന്നത്. യേശുനാഥൻ വർധിപ്പിച്ച അപ്പം ഭക്ഷിച്ചശേഷം യഹൂദർ യേശുവിനെ തേടി നടക്കുകയാണ്. യേശുവിനെ അവരുടെ രാജാവാക്കുകയും അതുവഴി എപ്പോഴും അത്ഭുതങ്ങൾവഴി സംതൃപ്തരാക്കപ്പെടുകയും വേണമെന്നതാണ് അവരുടെ ആഗ്രഹം.

യേശു ദിവ്യകാരുണ്യത്തെപ്പറ്റി ബോധ്യപ്പെടുത്താൻ പരിശ്രമിക്കുമ്പോൾ ജനക്കൂട്ടമാകെ അപ്പം ഭക്ഷിച്ച് തൃപ്തരാകാനാണ് അവിടുത്തെ അന്വേഷിക്കുന്നത്. അവരുടെ ജീവിതം വിശ്വാസത്തിൽ ആഴപ്പെട്ടിട്ടില്ല എന്നതുതന്നെയാണ് കാരണം. അതുകൊണ്ടാണ് യേശു അവരോട് അരുളിച്ചെയ്യുന്നത്: "നശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കാതെ അനശ്വരമായ അപ്പത്തിനുവേണ്ടി അധ്വാനിക്കുവിൻ (6:27) എന്ന്. ബുദ്ധികൊണ്ടല്ല വിശ്വാസത്താലാണ് അവിടുത്തെ അന്വേഷിക്കേണ്ടത്. അതുകൊണ്ടാണ് യേശു വീണ്ടും പറയുന്നത്, "ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക" (6:29) എന്നതാണ്.

യേശുവിന്റെ പ്രബോധനങ്ങളും പ്രവൃത്തികളും അനശ്വര മായ അപ്പത്തെപ്പറ്റി മുന്നേറുമ്പോഴും യഹൂദജനം യേശുവിനെ മോശയെക്കാൾ വലിയവനായി പരിഗണിച്ചിരുന്നില്ല. അതുകൊ ണ്ടുതന്നെ യേശുവിൽ വിശ്വസിക്കാൻ അവർക്ക് അടയാളം ആവശ്യമായിരുന്നു; ഒരുപക്ഷെ മരുഭൂമിയിൽ മോശ ചെയ്ത തിലും വലിയ അടയാളം. കാരണം, യഹൂദജനതയെ സംബ ന്ധിച്ചിടത്തോളം മിശിഹാ വരുമ്പോൾ വീണ്ടും മന്ന വർഷി ക്കുമെന്ന് ഒരു വിശ്വാസം അവർക്കുണ്ടായിരുന്നു.

യേശു ചെയ്ത അത്ഭുതങ്ങളുമായി താരതമ്യം ചെയ്യുമ്പോ ൾ മോശ അതിനേക്കാൾ കൂടുതൽ ചെയ്തതായി അവർ ചിന്തി ച്ചിട്ടുണ്ടാകാം. കാരണം യേശു അപ്പം വർധിപ്പിച്ച് നൽകിയത് അയ്യായിരം പേർക്കായിരുന്നെങ്കിൽ മോശ തീറ്റിപ്പോറ്റിയതാ കട്ടെ ഒരു ദേശത്തെ മുഴുവനുമാണ്. യേശു ഒരിക്കൽമാത്രം അപ്പം വർധിപ്പിച്ചതെങ്കിൽ മോശ നീണ്ട നാൽപത് വർഷമാണ് അത്ഭുതം പ്രവർത്തിച്ചത്. യേശു സാധാരണ അപ്പം നൽകിയ പ്പോൾ മോശ സ്വർഗത്തിൽനിന്ന് മന്നാ നൽകി. ഇ ങ്ങനെ പോകുന്നു അവരുടെ ചിന്തകൾ. അതുകൊണ്ടായിരി ക്കാം അവർ വീണ്ടും അടയാളം ആവശ്യപ്പെടുന്നത്.

യേശുവിന്റെ പ്രബോധനങ്ങളെല്ലാം ലക്ഷ്യംവയ്ക്കുന്നത് ഒരു കാര്യംമാത്രമാണ്- എല്ലാവരും യേശുവിൽ വിശ്വസിക്കു ക. അതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി. അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക. വിശ്വാസത്തിന്റെ അടിസ്ഥാനം അടയാളങ്ങളല്ല എന്ന് അവിടുന്ന് പഠിപ്പിക്കുന്നു. യോഹ 20:29-ൽ തോമാശ്ലീഹായോട് യേശു പറയുന്ന വാക്കുകൾ ഇവിടെ പ്രസ ക്തമാണ്: “നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. കാണാതെ തന്നെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ.”

മരുഭൂമിയിലൂടെ അലഞ്ഞുനടന്ന ജനത്തിന്, മോശയുടെ മധ്യസ്ഥതവഴി ദൈവം ചൊരിഞ്ഞ കരുണയുടെ അടയാളമായിരുന്നു മന്നാ. എന്നാൽ സ്വർഗസ്ഥനായ പിതാവ് ഇപ്പോൾ തരുന്ന അപ്പം മോശയുടെ മധ്യസ്ഥതയിൽ കിട്ടിയ നശ്വരമായ അപ്പമല്ല; മറിച്ച് സ്വർഗത്തിൽനിന്ന് പിതാവ് തരുന്ന ജീവൻ നൽകുന്ന അപ്പമാണ്. എല്ലാ അടയാളങ്ങൾക്കും അപ്പുറമുള്ള യഥാർത്ഥ സാന്നിധ്യത്തിലേക്കാണ് (Real Presence) യേശു വിരൽ ചൂണ്ടുന്നത്.

ജീവന്റെ അപ്പമായ വിശുദ്ധകുർബാനയായി യേശു സ്വയം നൽകുകയാണ്. യേശുവിൽ വിശ്വസിക്കുകയും അവിടുന്ന് നൽകുന്ന അപ്പം ഭക്ഷിച്ച് ജീവൻ പ്രാപിക്കുകയും ചെയ്യുക എന്നതാണ് അഭികാമ്യം. ഓർക്കുക, അടയാളങ്ങൾക്കും പ്രതീകങ്ങൾക്കും പിന്നാലെ പരക്കം പായാനുള്ളതല്ല ഈ ജീവിതം.

**ഫാ. മെൽട്ടസ് ചാക്കോ കൊല്ലശ്ശേരി**

# ആഗസ്റ്റ് 08
# ആണ്ടുവട്ടം 19–ാം ഞായർ

## ഭാഷ്യം

1 രാജാ 19:4-8; എഫേ 4:30-5:2; യോഹ 6:41-51

### സന്ദർഭം

(ആണ്ടുവട്ടം 17,18 ഞായറുകളിൽ നല്കിയ സന്ദർഭം ആദ്യം വായിക്കുക). നാലാം സുവിശേഷത്തിൽ ദിവ്യകാരുണ്യസ്ഥാപനപാരമ്പര്യം അന്ത്യത്താഴവേളയിൽ അവതരിപ്പിക്കുന്നില്ല (അധ്യായം 13 കാണുക). എന്നാൽ സമവീക്ഷണ സുവിശേഷങ്ങളിൽ ഇല്ലാത്ത, ജീവന്റെ അപ്പത്തെക്കുറിച്ചുള്ള 6-ാം അധ്യായത്തിലെ പ്രഭാഷണം, നാലാം സുവിശേഷത്തിൽ ദിവ്യകാരുണ്യ സ്ഥാപനത്തിന് പകരമായി രൂപീകരിക്കപ്പെട്ടതാണ്. ദൈവശാസ്ത്രപരമായി ദിവ്യകാരുണ്യത്തിന്റെ അർത്ഥമാണ് പ്രസ്തുത അധ്യായത്തിലെ പ്രഭാഷണം അവതരിപ്പിക്കുന്നത്. ജീവന്റെ അപ്പമായ യേശുവിൽ വിശ്വസിക്കുന്നവർ പിതാവിൽ വിശ്വസിക്കുകയും പിതാവിൽ വസിക്കുകയും ചെയ്യുന്നുവെന്നും അവിടുത്തെ ജീവന്റെ അപ്പത്തിൽ പങ്കുചേരുന്നവർ നിത്യം ജീവിക്കുമെന്നും ദിവ്യകാരുണ്യപ്രഭാഷണത്തിൽ നിന്ന് നല്കപ്പെട്ടിട്ടുള്ള ഇന്നത്തെ സുവിശേഷഭാഗം ശ്രോതാക്കളെ ഓർമപ്പെടുത്തുന്നു.

### സാരം

1. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ യേശു പടിപടിയായി തന്നെത്തന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: “ഞാനാണ് ജീവന്റെ അപ്പം” (6:35); “സ്വർഗത്തിൽ നിന്ന് ഇറങ്ങി വന്ന ജീവന്റെ അപ്പമാണ് ഞാൻ” (6:38, 41). എന്നാൽ യഹൂദർക്ക് ഇത് അംഗീകരിക്കാൻ സാധിക്കുന്നില്ല (6:42). കാരണം തങ്ങൾക്ക് യേശുവിന്റെ രക്ഷാകർതൃത്വം അറിയാമെന്ന്

അവർ അവകാശപ്പെടുന്നു: "യേശു ജോസഫിന്റെ മകൻ" (6:42). നാലാം സുവിശേഷത്തിൽ ശൈശവവിവരണമോ ജനനകഥ പാരമ്പര്യങ്ങളോ പരാമർശിക്കപ്പെടുന്നില്ല. അങ്ങനെയെങ്കിൽ 'യേശു ജോസഫിന്റെ മകൻ' എന്ന സൂചന ഒരു വിരോധാഭാസമായി വായനക്കാർക്ക് തോന്നാൻ ഇടയുണ്ട്. ഒരു പക്ഷേ, യേശു ജോസഫിന്റെ മകനാണെന്ന പാരമ്പര്യം വരമൊഴിയായി യോഹന്നാന്റെ സമൂഹത്തിൽ (Johannine Community) നിലനിന്നിരിക്കാം. യേശു ദൈവപുത്രനാണെന്ന് സ്ഥാപിക്കാനാണ് സുവിശേഷകൻ ഉദ്യമിക്കുന്നത് (1:17). ആയതിനാൽ, യേശുവിന്റെ ഭൗമീകകുടുംബം അവന്റെ സ്വത്വത്തിന്റെ താക്കോൽ കൈവശമാക്കിയിരിക്കുന്നില്ലായെന്ന് ശ്രോതാക്കൾ മനസ്സിലാക്കണമെന്ന് സുവിശേഷകൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് യേശുവിന്റെ മാനുഷിക ഉത്ഭവത്തെക്കുറിച്ച് മാത്രം ചിന്തിക്കുന്ന യഹൂദർക്ക് യേശുവിന്റെ അനന്യത മനസിലാക്കാൻ കഴിയാതെ പോകുന്നത്. യേശുവിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള അജ്ഞതയിൽ യഹൂദർ പിറുപിറുക്കുകയാണ്. അവരുടെ പിറുപിറുക്കൽ (grumbling) ഇസ്രായേല്യർ മരുഭൂമിയിൽ പിറുപിറുത്തതിനെ ഓർമ്മിപ്പിക്കുന്നു (പുറ 15:24; 16:2, 7, 12; സംഖ്യ 11:1; 14:2,27) ആറാം അധ്യായത്തിലെ പുറപ്പാട് സംഭവം പ്രതീകത്തിന്റെ മറ്റൊരു ഉദാഹരണമാണിത്.

2. യഹൂദരുടെ പിറുപിറുക്കലിന്റെ വിഷയം യേശു നേരിട്ട് അഭിസംബോധന ചെയ്യുന്നില്ല. പകരം മുൻ പ്രഭാഷണത്തിന്റെ ദൈവശാസ്ത്രപരമായ കേന്ദ്ര പ്രമേയത്തെ യേശു പുനരവതരിപ്പിക്കുന്നു. ജനത്തെ യേശുവിലേക്ക് അടുപ്പിക്കാനുള്ള ദൈവത്തിന്റെ മുൻകൈയും അവസാന ദിവസത്തെ പുനരുത്ഥാന വാഗ്ദാനവും (6:43–44; കാണുക 6:37, 39–40), ദൈവത്തിന്റെ പ്രാരംഭവൃദ്ധി (initiative) വിശ്വാസത്തെ സാധ്യമാക്കുന്നതും അവിടുത്തെ പ്രവൃത്തികളുടെ സാർവ്വത്രികതയെ എടുത്തുകാട്ടുന്നതും (6:45). ആയതിനാൽ യേശുവിന്റെ അവകാശവാദങ്ങൾ ദൈവത്തിന്റെ പ്രവൃത്തിയിലും സ്വത്വത്തിലും അധിഷ്ഠിതമാണ്. അവ യേശുവിന്റെ വ്യക്തിപരമായ വ്യതിചലനമാണെന്ന് കരുതി തള്ളിക്കളയാൻ പാടില്ല. കാരണം, യേശുവിന് പിതാ

വുമായി അതുല്യമായൊരു ബന്ധമുണ്ട് (6:46; കാണുക 1:18). അതുകൊണ്ട്, നാലാം സുവിശേഷകനെ സംബന്ധിച്ചിടത്തോളം വചനമാകുന്ന യേശുവിലൂടെ (Logos-Jesus) മാത്രമേ വിശ്വസിക്കുന്ന ഒരാൾക്ക് പിതാവായ ദൈവത്തിലേക്ക് പ്രവേശനമുള്ളു (5:23, 38, 42–43; 14:6–9).

3. തുടർന്ന്, പ്രഭാഷണത്തിൽ ഒരു പുതിയ ഭാഗത്തിന് യേശു തുടക്കം കുറിക്കുകയാണ്, "സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" (6:47) എന്ന് സൂചിപ്പിച്ചുകൊണ്ട്. എങ്കിലും നാലാം സുവിശേഷത്തിലെ പരിചിതമായ ആശയങ്ങൾ ഇവിടെ ആവർത്തിക്കപ്പെടുന്നുണ്ട്: വിശ്വാസിക്ക് നിത്യജീവൻ ലഭിക്കുന്നു (6:47; കാണുക 6:27); യേശു ജീവന്റെ അപ്പമാകുന്നു (6:48; കാണുക 6:35). ഇവിടെ മാത്രമല്ല, മറ്റുപ്രഭാഷണങ്ങളിലും ദൈവശാസ്ത്ര ആശയങ്ങൾ നാലാം സുവിശേഷത്തിലും വ്യാപിച്ചുകിടക്കുന്നുണ്ട്. ഈ സവിശേഷമായ വസ്തുതയിലൂടെ സുവിശേഷകൻ സുവിശേഷത്തിലുടനീളം തന്റെ ദൈവശാസ്ത്രവീക്ഷണത്തിന്റെ സമന്വയം സൃഷ്ടിക്കാൻ ശ്രമിക്കുന്നു. യേശുവാകുന്ന ജീവന്റെ അപ്പം പൂർവ്വികർ മരുഭൂമിയിൽ ഭക്ഷിച്ച മന്നയിൽ നിന്നും വ്യത്യസ്തമാണ്. മന്ന ഭക്ഷിച്ച പൂർവ്വികർ അവരുടെ പിറുപിറുപ്പിന്റെയും അവിശ്വാസത്തിന്റെയും ഫലമായി മരിച്ചു (6:49; കാണുക സംഖ്യ 14:21–23; നിയ 1:35). എന്നാൽ ജീവന്റെ അപ്പം ഭക്ഷിക്കുന്നവർ മരിക്കുകയില്ല, എന്നേയ്ക്കും ജീവിക്കും (6:50–51). മരുഭൂമിയിൽ പൂർവ്വികർ ഭക്ഷിച്ച മന്ന ഇസ്രായേല്യരുടെ ഭക്ഷണത്തിനുള്ള അടിയന്തര ആവശ്യങ്ങൾ നിറവേറ്റി, പക്ഷേ ആത്യന്തിക മാനുഷിക ആവശ്യങ്ങൾ അത് നിറവേറ്റിയില്ല, പൂർവ്വികർ മരിച്ചു. എന്നാൽ യേശു നല്കുന്ന സ്വർഗത്തിൽ നിന്നുള്ള അപ്പം മനുഷ്യന്റെ ആത്യന്തിക ആവശ്യം നിറവേറ്റുന്നു. സ്വർഗത്തിൽ നിന്നുള്ള യഥാർത്ഥ അപ്പം ഭക്ഷിക്കുന്നവർക്ക് (6:32) നിത്യജീവന്റെ ദാനം ലഭിക്കുന്നു. "ഇത് ഭക്ഷിക്കുന്നവർ മരിക്കില്ല" (6:50) എന്ന വാഗ്ദാനം ആർക്കും ഒരിക്കലും വിശക്കുകയില്ല, ദാഹിക്കുകയുമില്ല (6:35) എന്ന വാഗ്ദാനത്തിന് സമാനമാണ്.

4. ദൈവത്തിൽ വിശ്വസിക്കാൻ മനുഷ്യർക്ക് ധാരാളം കാരണങ്ങളുണ്ട്. അതോടൊപ്പംതന്നെ വിശ്വസിക്കാതിരിക്കാനും അത്രത്തോളം കാരണങ്ങളും മനുഷ്യർക്കുണ്ട്. ഇവയിൽ പൊതുവായി മൂന്ന് കാരണങ്ങൾ ഉണ്ട്. ഒന്ന്, സാംസ്കാരിക വ്യത്യാസവും സംശയവും; രണ്ട്, ദൈവവും മറ്റുള്ളവരും വ്യക്തിപരമായി ഉപേക്ഷിച്ചുവെന്ന തോന്നൽ; മൂന്ന്, മതപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ നേരിടേണ്ടിവരുന്ന ശത്രുത. ഏലിയാ പ്രവാചകനും നമ്മെപ്പോലെ ഇതൊക്കെ അനുഭവിച്ചിരുന്നു. അതുകാരണം പ്രവാചകൻ ഭയപ്പെട്ട് ജീവരക്ഷാർത്ഥം പലായനം ചെയ്യുന്നതാണ് ഇന്നത്തെ ഒന്നാം വായനയിൽ വിവരിക്കപ്പെടുന്നത്. ഏലിയ പലായനം ചെയ്യുന്നതിന്റെ പെട്ടന്നുള്ള കാരണം (immediate reason) വിഗ്രഹാരധനയ്ക്കെതിരായി പ്രസംഗിച്ചതിനാൽ ജസെബെൽ രാജ്ഞി തന്നെ വധിക്കാൻ ശ്രമിക്കുന്നത് കൊണ്ടാണ്. പ്രവാചകൻ ഏകനായിരുന്നു. ദൈവം പ്രവാചകനിലൂടെ അടയാളങ്ങളും അത്ഭുതങ്ങളും പ്രവർത്തിച്ചുവെങ്കിലും ആരുംതന്നെ അവന്റെ സന്ദേശം ശ്രവിക്കുകയോ അവനെ പരിചരിക്കുകയോ ചെയ്തില്ല. നിരാശയുടെ ഈ ഘട്ടത്തിൽ ഏലിയാ ആത്മീയമായി ക്ഷീണിതനായിരുന്നു. അവൻ മരണത്തിനുവേണ്ടിപോലും പ്രാർഥിച്ചു (19:4). എങ്കിലും ദൈവം തന്റെ ദൂതനിലൂടെ പ്രവാചകന്റെ യാത്രയും ദൗത്യവും തുടരാനുള്ള ശക്തി നല്കുന്നു. ഏലിയ ശക്തനാകുന്നത് കർത്താവിന്റെ ദൂതൻ നല്കിയ ഭക്ഷണപാനീയങ്ങൾ കഴിച്ചതിലൂടെയാണ് (19:18).

## സന്ദേശം

ഏലിയ പ്രവാചകന് ദൂതൻ നല്കിയ ഭക്ഷണം തന്റെ യാത്ര തുടരാൻ പ്രവാചകനെ ശക്തനാക്കിയെങ്കിൽ യേശുനല്കുന്ന ജീവന്റെ അപ്പം നമ്മുടെ യാത്രയുടെ ആത്യന്തിക ലക്ഷ്യത്തിലേയ്ക്ക് - നിത്യജീവനിലേയ്ക്ക് - എത്തിച്ചേരാൻ നമ്മെ ശക്തമാക്കുന്നു. യേശുതന്നെയാണ് ജീവന്റെ അപ്പം. ദിവ്യബലിയിലൂടെ നല്കപ്പെടുന്ന യേശുവിന്റെ മാംസം ഭക്ഷിച്ചും അവിടുത്തെ രക്തം പാനം ചെയ്തുമാണ് ഒരു വിശ്വാസി യേശുവാകുന്ന ജീവന്റെ ഭക്ഷണത്തിൽ പങ്കാളിയാകുന്നത്.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## യഥാർത്ഥ ബലി

ഫുൾട്ടൻ ജെ ഷീൻ 'മൺപാത്രത്തിലെ നിധി' എന്ന ആത്മ കഥയിൽ ചോദിക്കുന്നു: എന്താണ് കുർബാന? അദ്ദേഹംതന്നെ അതിന് ഉത്തരം നൽകുന്നുണ്ട്: "കുർബാന ഒരു നാടകമാണ്. ദുരന്ത നാടകമല്ല; കാരണം ആനന്ദ പര്യവസാനിയായ ഉത്ഥാന മാണ് അതിന്റെ ക്ലൈമാക്സ്. മഹത്തായ നാടകത്തെക്കുറി ച്ചുള്ള ആശയം ഉടലെടുക്കുന്നത് കലാകാരനിലാണ്. പിന്നീട് റിഹേഴ്സലുകൾ, കഥാപാത്രങ്ങളുടെ തിരഞ്ഞെടുപ്പ്. മൂന്നാമ തായി അരങ്ങേറ്റം. തുടർന്ന് പല സ്ഥലങ്ങളിലായി അവതര ണം. കർത്താവിന്റെ മനസ്സിലാണ് കുർബാനയുടെ ആശയം ഉ ദിച്ചത്. കാരണം, അറക്കപ്പെട്ട കുഞ്ഞാട് ലോകാരംഭം മുതലേ ഉണ്ട്. അരങ്ങേറ്റ രാത്രിയായിരുന്നു അന്ത്യവിരുന്ന്.

'ഇതെന്റെ ഓർമയ്ക്കായി ചെയ്യുവിൻ' എന്ന കല്പനയോ ടെ പല സ്റ്റേജുകളിലും അവതരണം തുടങ്ങി. ഒരേ പ്രവൃത്തി, അതിന്റെ സ്വാഭാവിക പരിണാമം മാത്രമായിരുന്നു അന്ത്യവിരു ന്നിൽ നടന്നത്. ഒരേ വാക്കുകൾ, കഥാപാത്രങ്ങൾ മാത്രം മാറു ന്നു. അതിനാൽ, നാം കുർബാന ആരംഭിക്കുമ്പോൾ കാൽവരി യിൽ എത്തുന്നു. ഓരോ കുർബാനയും കാൽവരി ബലിയെ അവതരിപ്പിക്കുകയാണ്.

എത്ര സുന്ദരമായ ഉൾവെളിച്ചമാണ് ഏതാനും വാക്കുകളി ലൂടെ പറഞ്ഞുവയ്ക്കുന്നത്. എന്നിരുന്നാലും എനിക്കിഷ്ടം പരി ശുദ്ധ കുർബാനയെ നാടകത്തേക്കാൾ ഉപരിയായി ജീവിത വുമായി സാമ്യപ്പെടുത്താനാണ്. പച്ചയായ മാംസവും വികാരങ്ങ ളും വിചാരങ്ങളും കുറവുകളും മുറിവുകളും ഉള്ള മനുഷ്യൻ ദൈവത്തിന്റെ വിളിക്ക് കാതോർത്തു, പിന്നെ വിളിച്ച ദൈവ ത്തിനൊപ്പം ഒന്നായിതീരുന്നു. ശേഷം തന്റെ പൂർണസമ്മ

തത്തോടെ കണ്ണും കാതും കരവും ഹൃദയവും അവന്റേതായി മാറ്റുന്നു. അതുകൊണ്ടല്ലേ പുരോഹിതൻ ഗോതമ്പപ്പം തന്റെ കരങ്ങളിലെടുത്ത് ഇതെന്റെ ശരീരം എന്നു പറയുമ്പോൾ ആ അപ്പം ക്രിസ്തുവായി മാറുന്നതും അതോടൊ പ്പം ഉയർത്തിപ്പിടി ച്ചിരിക്കുന്ന കരവും ശരീരവും ക്രിസ്തുവിന്റേ തായിത്തീരുന്ന തും. കൂടെ, അതിൽ പങ്കെടുക്കുന്നവരും ക്രൂശിക്ക പ്പെട്ട് ഉത്ഥാനം ചെയ്ത ക്രിസ്തുവായി തീരുന്നു.

ചോദ്യം ഒന്നുമാത്രം, ഇനിയും ഞാൻ ക്രിസ്തുവായിത്തീരാനുള്ള ദൂരം എത്ര? ഇതെന്റെ ശരീരമെന്നും ഇതെന്റെ രക്തമെന്നും അനുദിനം ആവർത്തിക്കുമ്പോഴും ഉള്ളിന്റെ ഉള്ളിൽ ഒരു നോവാണ്. കാരണം അവന്റെ ആത്മാർത്ഥ സ്നേഹത്തിന്റെ ഒരിറ്റുപോലും എനിക്ക് തിരിച്ചു നൽകാൻ പറ്റുന്നില്ലല്ലോ എന്ന ചിന്ത, വിങ്ങുന്ന ഒരു നോവ് എന്റെ ഹൃദയത്തിൽ സൃഷ്ടിക്കുന്നു. ബലിമധ്യേ പറയുന്ന വാക്കുകൾ മാംസം ധരിക്കുന്നുണ്ട്, എന്നാൽ ആ സത്യവിശ്വാസത്തിൽ നിലനിൽക്കുക എന്നത് ഒരു വെല്ലുവിളിതന്നെയാണ്.

1952-ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നേടിയ എഴുത്തുകാരനാണ് ആൽബർട്ട് ഷ്വയ്റ്റ്സർ. അദ്ദേഹം വാക്കിന്റെ മഹത്ത്വത്തെപ്പറ്റി പറയുന്നത് ചിന്തനീയമാണ്: "ഒരു തുള്ളി വെള്ളത്തിൽ നാം ശക്തിയൊന്നും കാണുന്നില്ലെങ്കിലും അതു പാറയിലുള്ള വിടവിൽ കയറിയാൽ മഞ്ഞു കട്ടയായി മാറി പാറയെ പിളർക്കും. ആവിയായാൽ, അത് എൻജിന്റെ പിസ്റ്റൺ പ്രവർത്തിപ്പിക്കും. വാക്ക് ഇതുപോലെയാണ്. പ്രതിഭാശാലിയുടെ കൈയിൽ കിട്ടുമ്പോൾ അത് നൂക്ലിയർ ബോംബിന്റെ ശക്തി കാണിക്കും; താജ്മഹലിന്റെ സൗന്ദര്യം സൃഷ്ടിക്കും."

അഞ്ചപ്പവും രണ്ടു മീനും യേശുവിന്റെ കൈകളിൽ അത്ഭുതമായി മാറി. 'നിനക്ക് കാഴ്ച ഉണ്ടാവട്ടെ' എന്ന വാക്ക് സൗഖ്യമായി മാറി. ദൂരെപോ എന്ന വാക്കിനുമുൻപിൽ പ്രലോഭകൻ പോലും മുട്ടുമടക്കി. ഓരോ ബലിയിലും ഉച്ചരിക്കപ്പെടുന്ന വാക്കുകൾ എത്ര സുന്ദരം, അവ എത്രയോ അത്ഭുതങ്ങളും സൗഖ്യവും സമാധാനവും സൃഷ്ടിക്കുന്നു. 'ഇതെന്റെ ശരീരം, ഇതെ

ന്റെ രക്തം' എന്ന് വീണ്ടും വീണ്ടും ആവർത്തിക്കുമ്പോൾ അവയേകുന്ന ആനന്ദം ചിന്തകൾക്കും മാനുഷികജ്ഞാനങ്ങൾക്കും അപ്പുറമാണ്.

ഈയൊരു വെളിച്ചമാണ് ബലി അർപ്പിക്കുന്ന ഓരോ മനസ്സുകളിലും ഉണ്ടാവേണ്ടത്. ഇതിലേക്കുള്ള മാർഗങ്ങളാണ് സഭ നമ്മുടെ മുൻപിൽ ഈ വചനത്തിലൂടെ പറഞ്ഞുവയ്ക്കു ന്നതും. നമുക്ക് ക്രിസ്തുവിന്റെ ആ വാക്കുകൾ 'ഇത് എന്റെ ശരീരം ഇത് എന്റെ രക്തം' എന്ന് ആവർത്തിച്ച് ഉച്ചരിക്കുകയും ധ്യാനിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അപ്പോൾ നമ്മുടെ കുടുംബം ഒരു ദൈവാലയമാകും; നമ്മുടെ ബന്ധങ്ങൾ ബന്ധനങ്ങളാകാതെ സൗഖ്യത്തിന്റെ ഇടമാകും; നമ്മുടെ ആകുലതകൾ ആശ്വാസമാകും; എല്ലാത്തിലുമുപരി, നാം ക്രിസ്തുവു മായി ഒന്നായിതീരും. പിന്നെ നമ്മൾ പോലും അറിയാതെ ന മ്മുടെ കരങ്ങൾ അവന്റെ കരവും നമ്മുടെ വാക്കുകൾ അവന്റെ വാക്കുകളും നമ്മുടെ ചിന്തകൾ അവന്റെ ചിന്തകളായും തീരും. അതു തന്നെയല്ലേ, യഥാർത്ഥ ബലി.

**ഫാ. പ്രിൻസ് മാളിയേക്കൽ**

## വചനബോധി
ലത്തീൻ

# ആഗസ്റ്റ് 15
# പരി. ദൈവമാതാവിന്റെ സ്വർഗാരോപണം

## ഭാഷ്യം

വെളി 11:19a,12:1-6a,10ab; 1 കോറി 15:20-27;

ലൂക്കാ 1:39-56

### സന്ദർഭം

യേശുവിന്റെയും സ്നാപകയോഹന്നാന്റെയും ബാല്യകാലമാണ് ലൂക്കായുടെ സുവിശേഷത്തിന്റെ ആദ്യത്തെ രണ്ട് അധ്യായങ്ങളിലുള്ളത്. സുവിശേഷത്തിലെ മറ്റ് അധ്യായങ്ങളിൽ നിന്നും വ്യത്യസ്തമായ ഉള്ളടക്കവും ശൈലിയുമാണ് സുവിശേഷകൻ ഈ അധ്യായങ്ങളിൽ അവലംബിച്ചിരിക്കുന്നത്. ഹെബ്രായ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും ശക്തമായ സ്വാധീനം ഈ വിവരണങ്ങളിൽ കാണാൻ കഴിയും. സ്നാപകൻ, യേശു എന്നിവരുടെ ബാല്യകാലത്തെക്കുറിച്ച് അറമായ ഭാഷയിൽ നേരത്തെ ആരോ എഴുതിയ കാര്യങ്ങൾ ലൂക്കാ സുവിശേഷകൻ ഉപയോഗിച്ചിട്ടുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. യേശുവിന്റെയും സ്നാപകയോഹന്നാന്റെയും മംഗളവാർത്ത - ജനനകഥകളിൽ സാധർമ്യ വൈധർമ്യങ്ങളുടെ സമാനത കാണാൻ കഴിയും (1:5-25=1:26-38; 1:57-58=2:1-20). യോഹന്നാനും യേശുവും ദൈവീക പദ്ധതിയിൽ അന്യോന്യബോധമുള്ളവരാണെന്നു കാണിക്കുക മാത്രമല്ല, യേശുവാണ് വലിയവൻ എന്നു സ്ഥാപിക്കുകയും ചെയ്യുന്നു, ഈ സമാനത. ഈ വസ്തുത സന്ദർശനകഥയിലും (1:39-56) വ്യക്തമാണ്. കൂടാതെ, രണ്ട് മംഗളവാർത്തകളെയും സന്ദർശന കഥ ബന്ധിപ്പിക്കുകയും രണ്ട് അമ്മമാരേയും ഒന്നിപ്പിക്കുകയും രണ്ട് മംഗളവാർത്തകളിലും പ്രകടമാകുന്ന ദൈവഹിതം ഒന്നിനോടൊന്ന് ഇഴചേർത്തുകാണിക്കുകയും ചെയ്യുന്നു.

## സാരം

1. പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോപണത്തിരുനാളിൽ നല്കപ്പെടുന്ന സുവിശേഷഭാഗം ‘സന്ദർശനവും സ്തോത്രഗീത’വുമാണ്. മറിയം എലിസബത്തിനെ സന്ദർശിക്കുന്നു. മറിയം വസിക്കുന്ന ഗലീലിയിലെ നസ്രത്ത് എന്ന ഗ്രാമത്തിൽ നിന്ന് എലിസബത്ത് താമസിക്കുന്ന യൂദയായിലെ ‘എൻ കരേം’ എന്ന സ്ഥലത്ത് എത്തിച്ചേരാൻ നാലുദിവസത്തെ യാത്രയുണ്ട്; നടന്നുള്ള യാത്ര. ആയതിനാൽ മറിയം ഒരു യാത്രാസംഘത്തെ അനുഗമിച്ചിരിക്കണം. ഈ പ്രയാസമേറിയ വഴിയിലൂടെ സഞ്ചരിച്ച് മറിയം എലിസബത്തിനെ സന്ദർശിക്കുന്നു. ബന്ധുവിനെ കാണാൻ മാത്രമായിരുന്നില്ല മറിയം ഇത്ര പ്രയാസമേറിയ വഴിയിലൂടെ തിടുക്കത്തിൽ യാത്ര ചെയ്തത് (1:39). എലിസബത്തിന്റെ ഗർഭവാർത്തയിലൂടെ സൂചിതമായതും തന്നിൽ നിറവേറ്റപ്പെട്ടതുമായ ദൈവിക പദ്ധതിയോട് പ്രതികരിക്കാനുള്ള മറിയത്തിന്റെ ആവേശമാണ് നാമിവിടെ കാണുന്നത്. മറിയവും എലിസബത്തും കണ്ടുമുട്ടുന്ന സംഭവത്തിൽ ലൂക്കാ ചില സാമ്യങ്ങൾ എടുത്തുകാണിക്കുന്നുണ്ട്. ഒന്ന്, രണ്ടുപേരും സ്ത്രീകളാണ്, രണ്ടുസ്ത്രീകളുടെ സംഗമം. രണ്ട്, ഇരുവരും ഗർഭിണികൾ. മൂന്ന്, രണ്ടുപേരുടെയും ഗർഭധാരണം സംഭവിച്ചിരിക്കുന്നത് ദൈവിക ഇടപെടലിലൂടെയാണ്. ഈ പ്രത്യേകതകളുള്ള രണ്ടുപേരുടെയും സന്ദർശനവേളയിൽ പരിശുദ്ധാത്മാവിനാൽ നിറഞ്ഞ മറിയം എലിസബത്തിനെ അഭിവാദനം ചെയ്യുമ്പോൾ തന്നെ എലിസബത്തിന്റെ ഉദരത്തിലെ കുഞ്ഞ് സന്തോഷത്താൽ കുതിച്ചുചാടി (1:44). എലിസബത്ത് ഗർഭിണിയായ കാര്യം മാലാഖയിൽ നിന്ന് മറിയം അറിഞ്ഞതുപോലെ (1:26-37) തന്റെ ഉദരത്തിലുള്ള ശിശു സന്തോഷത്താൽ കുതിച്ചുചാടിയ അടയാളത്തിലൂടെ മറിയത്തിൽ നിറവേറ്റപ്പെട്ട ദൈവികപദ്ധതിയെക്കുറിച്ച് എലിസബത്ത് മനസിലാക്കുന്നു.

2. മറിയത്തിൽ നിറവേറപ്പെട്ട ദൈവികപദ്ധതി തിരിച്ചറിഞ്ഞ എലിസബത്ത് മറിയത്തെ പ്രകീർത്തിക്കുന്നു. വെളിപാട് രൂപത്തിലാണ് (Oracle) മറിയത്തെ എലിസബത്ത് പ്രകീർ ത്തിക്കുന്നത്. ആദ്യഭാഗത്ത്, മറിയത്തെയും അവൾക്ക് ജനിക്കാനി

രിക്കുന്ന കുഞ്ഞിന്റെയും അനുഗ്രഹം എലിസബത്ത് പ്രഖ്യാപിക്കുന്നു (1:42). മാതൃത്വമാണ് (ഉദരഫലം) ഈ സ്തുതി ക്ക് ആസ്പദം (ന്യായ 5:24; യൂദിത്ത് 13:18 കാണുക). മറിയത്തിന്റെ ശാരീരിക മാതൃത്വത്തെ സ്തുതിക്കുന്ന എലിസബത്ത് "നിന്നെ വഹിച്ച ഉദരവും നിന്നെ പാലൂട്ടിയ മുലകളും ഭാഗ്യമുള്ളവ" (11:27) എന്നു യേശുവിന്റെ പരസ്യജീവിതകാലത്ത് മറിയത്തെ സ്തുതിച്ച സ്ത്രീക്കു തുല്യയാണ്. വെളിപാടിന്റെ രണ്ടാംഭാഗത്ത്, എലിസബത്ത് മറിയത്തെ "കർത്താവിന്റെ അമ്മ"(1:43) എന്ന് പ്രകീർത്തിക്കുന്നു. ഈ പ്രഖ്യാപനം മറിയത്തിന്റെ ഉദരത്തിലെ കുഞ്ഞിന്റെ വ്യക്തിത്വം കൂടുതൽ വ്യക്തമായി വെളിപ്പെടുത്തുന്നു. "എന്റെ കർത്താവിന്റെ അമ്മ" എന്ന മറിയത്തെ സംബന്ധിച്ച എലിസബത്തിന്റെ വാക്കുകൾ സുവിശേഷ രചനാകാലഘട്ടത്തിൽ ക്രൈസ്തവ വിശ്വാസപ്രഖ്യാപനത്തിന്റെ ഭാഗമായിരുന്നിരിക്കണം. ഒരു കുഞ്ഞിനുവേണ്ടിയുള്ള യാചനയ്ക്കുള്ള ദൈവത്തിന്റെ അനുഗ്രഹത്തോടൊപ്പം കർത്താവിന്റെ അമ്മയുടെ സന്ദർശനത്തിന്റെ അനുഗ്രഹവും എലിസബത്തിൽ വന്നു ചേരുന്നു. മൂന്നാമത്തെ വെളിപാട് (Oracle) എലിസബത്തിന്റെ ഉദരത്തിലെ കുഞ്ഞിന്റെ ചലനത്തിന്റെ അർത്ഥം വിശദീകരിക്കുന്നു (1:44). സന്തോഷത്തിന്റെ കുതിച്ചു ചാട്ടമായിരുന്നു അത്. കുഞ്ഞിന്റെ ജനനത്തിൽ സന്തോഷം ലഭിക്കുമെന്ന് ദൂതൻ സഖറിയായ്ക്ക് വാഗ്ദാനം ചെയ്തിരുന്നു (1:14). ഇപ്പോൾ മറിയത്തിന്റെ സന്ദർശനത്തിൽ എലിസബത്തിന് സന്തോഷം ലഭിക്കുന്നു. നാലാമത്തെ വെളിപാട് ഒരു ഭാഗ്യമാണ് (Beatitude). "കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചതിനുള്ള"(1:45) ഭാഗ്യം. മംഗളവാർത്തയും (1:31) മറിയത്തിന്റെ എളിമയോടെയുള്ള പ്രതികരണവും (11:38) ഇത് ഓർമ്മിപ്പിക്കുന്നു. ദൈവവചനം നിറവേറുമെന്ന് വിശ്വസിക്കുന്നതിൽ നിന്നാണ് എപ്പോഴും ഭാഗ്യം – അനുഗ്രഹം – ലഭിക്കുന്നത്.

3. മറിയത്തെ സംബന്ധിച്ച എലിസബത്തിന്റെ വെളുപാടുകൾ മറിയത്തിന്റെ സ്തോത്രഗീതവുമായി (Magnificat) അനുരൂപപ്പെടുന്നു. മറിയത്തിന്റെ ഗാനം സകല ദൈവജനത്തിനും

കർത്താവിന്റെ വരവിൽ ലഭ്യമാകുന്ന ദാനങ്ങളെ പ്രകീർ ത്തിക്കുന്നു. ഗാനത്തിന്റെ ആരംഭത്തിൽ മറിയം തന്റെ സർവ്വശക്തിയോടും കൂടെ സ്തുതിക്കുകയാണ് (1:46-47). തന്റെ സത്ത മുഴുവനോടും കൂടെ അവൾ ദൈവത്തെ സ്തുതിക്കുന്നു. യേശുവിലൂടെ ഉദയം ചെയ്യാൻ പോകുന്ന രക്ഷയുടെ സാക്ഷാത്ക്കാരത്തിൽ മറിയം ആനന്ദിക്കുന്നു. തുടർന്ന്, മറിയം തന്റെ വിനീതാവസ്ഥയും ദൈവം തന്നോടുകാട്ടിയ കാരുണ്യവും പ്രകടിപ്പിക്കുന്നു (1:48; കാണുക 1:38; 1:28-30). ഇവിടെ "എല്ലാ തലമുറകളും എന്നെ ഭാഗ്യവതി എന്നു പ്രകീർത്തിക്കും"(1:42) എന്ന പദപ്രയോഗത്തിൽ എലിസബത്ത് പ്രകടിപ്പിച്ച പരമാനന്ദം അനുസ്മൃതമാകുകയാണ്. എന്നിട്ട്, രക്ഷയുടെ ദൈവത്തെ 'ശക്തൻ,' 'പരിശുദ്ധൻ,' 'കാരുണ്യവാൻ' (1:49-50) എന്നീ മൂന്ന് പ്രധാന വിശേഷണങ്ങളോടുകൂടെ മറിയം അവതരിപ്പിക്കുന്നു. അവിടുന്ന് തന്റെ ജനത്തിനായി വലിയ കാര്യങ്ങൾ നിർവ്വഹിക്കുന്നു (1:49; കാണുക 1 സാമു 2:7; പ്രഭാ 10:4). അവ വിരോധാഭാസ രീതിയിൽ, സംഭവങ്ങളുടെ വിപ്ലവകരമായ വിപര്യയം പോലെ തുടർന്ന് മറിയത്തിന്റെ ഗാനത്തിൽ വിവരിക്കുന്നു (1:51 -53). ത്രിവിധ വിപ്ലവമാണ് ഇവിടെ കാണുന്നത്: ഒന്ന്, ധാർമ്മിക വിപ്ലവത്തിന് അടിവരയിടുന്നു - ഹൃദയ വിചാരത്തിൽ അഹങ്കരിക്കുന്നവരെ ചിതറിച്ചു. രണ്ട്, സാമൂഹിക വിപ്ലവത്തെ അനുകൂലിക്കുന്നു - ശക്തരെ സിംഹാസനങ്ങളിൽ നിന്നിറക്കി; എളിയവരെ ഉയർത്തി. മൂന്ന്, സാമ്പത്തിക വിപ്ലവത്തിന് തുടക്കമിടുന്നു - വിശക്കുന്നവരെ തൃപ്തരാക്കി, സമ്പന്നരെ വെറുംകൈയോടെ പറഞ്ഞയച്ചു. അങ്ങനെ, മറിയത്തിന്റെ സ്തോത്രഗീതത്തിൽ 'ദൈവത്തിന്റെ പാവപ്പെട്ടവരുടെ' മനോഭാവങ്ങൾ പ്രതിഫലിക്കുന്നു. ഇസ്രായേൽ ജനതയുടെ ജീവിതത്തിൽ ദൈവം മുമ്പു നടത്തിയ ഇടപെടലുകളുടെ പരമകാഷ്ഠയായ ഉടമ്പടിയെ പരാമർശിച്ചുകൊണ്ട് മറിയത്തിന്റെ ഗാനം അവസാനിക്കുന്നു. അങ്ങനെ പഴയ-പുതിയ നിയമങ്ങളെ ലൂക്കാ സുവിശേഷകൻ ഈ സ്തോത്രഗീതത്തിലൂടെ ഔചിത്യപൂർവ്വം അന്യോന്യം ബന്ധിപ്പിക്കുന്നു.

4. രക്ഷാകരചരിത്രത്തിന്റെ സംക്ഷിപ്തമായൊരു വിവരണമാണ് വെളിപാട് പുസ്തകം 12-ാം അധ്യായത്തിൽ നമുക്ക് ലഭിക്കുന്നത്. രക്ഷകനുവേണ്ടി ദൈവജനം ആകാംക്ഷയോടെ കാത്തിരിക്കുന്നു. രക്ഷ പ്രാപ്യമാക്കാൻ ശ്രമിക്കുന്ന സ്ത്രീയേയും രക്ഷ അപ്രാപ്യമാക്കാൻ ശ്രമിക്കുന്ന സർപ്പത്തെയും അവതരിപ്പിക്കുകയാണ് ഒന്നാം വായന. സ്ത്രീ സൂര്യനെ ഉടയാടയാക്കിയവളാണ്. ഉത്തമഗീതത്തിലെ 'സൂര്യനെപ്പോലെ തേജസ്വിനി' (ഉത്ത 6:10) യായ മണവാട്ടിയെ അവൾ അനുസ്മരിപ്പിക്കുന്നു. ദൈവത്തിന്റെ മഹത്ത്വവും മനോഹാരിതയും സൂചിപ്പിക്കുന്ന പ്രകാശം വസ്ത്രംപോലെ ധരിച്ചിരിക്കുന്ന അവൾ ദൈവത്തിന്റെ മഹത്ത്വത്തിൽ പങ്കുചേരുന്ന മനോഹരിയാണ്. ചന്ദ്രനെ പാദപീഠമാക്കുന്നത് അവളുടെ അധികാരത്തെയും നക്ഷത്രകിരീടം രാജ്ഞിത്വത്തെയും സൂചിപ്പിക്കുന്നു. പന്ത്രണ്ട് നക്ഷത്രങ്ങൾ ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളുടെ പ്രതീകമാണ്. അതിമനോഹരിയും മഹത്ത്വപൂർണയുമായ ഈ രാജ്ഞി ആരാണ്? തുടർന്നുള്ള വിശദീകരണങ്ങൾ അവളുടെ വ്യക്തിത്വത്തിലേയ്ക്കു വെളിച്ചം വീശുന്നു. മൂന്ന് വ്യാഖ്യാനങ്ങളാണ് സ്ത്രീയെക്കുറിച്ച് ലഭിക്കുന്നത്. ഒന്ന്, പ്രസവ ക്ലേശത്താൽ ഞെരുങ്ങുന്ന ആ ഗർഭിണിയുടെ ശിശു ജനതകളെ 'ഇരുമ്പുദണ്ഡുകൊണ്ട് ഭരിക്കാനുള്ളവനാണ്' (12:5) എന്ന വിശദീകരണം രക്ഷകനായ ക്രിസ്തുവാണ് ആ ശിശു എന്ന് വ്യക്തമാക്കുന്നു. അതിനാൽ യേശുവിന്റെ അമ്മയായ മറിയമാണ് ഇവിടെ ചിത്രീകരിക്കപ്പെടുന്നത് എന്ന് കരുതപ്പെടുന്നു. രണ്ട്, രക്ഷകന്റെ വരവിന് വേണ്ടിയുള്ള ആകാംക്ഷപൂർണവും ദു:ഖപൂരിതവുമായ കാത്തിരിപ്പിനെ പ്രവാചകന്മാർ പ്രസവവേദനയോട് താരതമ്യപ്പെടുത്തിയിട്ടുണ്ട് (ഏശ 26:17; 66:7; മിക്കാ 5:3). ഇസ്രായേലിനെ ദൈവത്തിന്റേതന്നെ വധുവായി പ്രവാചകന്മാർ ചീത്രീകരിച്ചിരുന്നു (ഹോസി 2:19-20; ഏശ 54:5). ആയതിനാൽ രക്ഷകന്റെ മാതാവായ ഇസ്രായേലാണ് ഗർഭിണിയുടെ രൂപത്തിൽ പ്രത്യക്ഷപ്പെടുന്നതെന്ന് അനുമാനിക്കപ്പെടുന്നു. മൂന്ന്, ക്രിസ്തുവിന്റെ ജനനത്തിന് ശേഷം മരുഭൂമിയിൽ പീഢിതയും അതേ സമയം സുരക്ഷിതയുമായി കഴിയുന്ന അവൾ

ക്രിസ്തുവിന്റെ സഭയുടെ പ്രതീകമാണ്. സഭയെ ക്രിസ്തുവിന്റെ വധുവായി വിശുദ്ധ പൗലോസ് ചിത്രീകരിക്കുന്നുണ്ട് (2 കോറി 11:2; എഫേ 5:22–27). വെളിപാട് പുസ്തകംതന്നെ സഭയെ കുഞ്ഞാടിന്റെ മണവാട്ടിയായി ചിത്രീകരിക്കുന്നു (വെളി 19:7; 21:9). സ്ത്രീയെ സംബന്ധിക്കുന്ന മൂന്ന് വ്യഖ്യാനങ്ങളും വ്യക്തമാക്കുന്നത് അവൾ വിശ്വസ്തയായ ദൈവജനത്തെ സൂചിപ്പിക്കുന്നു എന്നതാണ്.

## സന്ദേശം

വിശ്വാസികൾക്കെന്നും പരിശുദ്ധകന്യകാമറിയം അനുകരണീയയായ ഒരു വ്യക്തിയാണ്. തന്റെ പ്രത്യേക ജീവിത സാഹചര്യങ്ങളിൽ അവൾ പൂർണ്ണമായും ഉത്തരവാദിത്വത്തോടെയും ദൈവഹിതം സ്വീകരിച്ചു. മറിയം ദൈവവചനം കേട്ടു; അതനുസരിച്ച് പ്രവർത്തിച്ചു. സ്നേഹവും സേവനവുമായിരുന്നു മറിയത്തിന്റെ പ്രവർത്തനങ്ങളുടെ ശക്തികേന്ദ്രം. യേശുവിന്റെ പ്രഥമ ശിഷ്യയും ഏറ്റവും പരിപൂർണ്ണ ശിഷ്യയുമായ മറിയത്തെ നമുക്കും അനുകരിക്കാം.

**ഡോ. ലോറൻസ് കുലാസ്**

# പ്രസംഗം

## ആകാശമായവൾ

*വെള്ളം* സിനിമയിലെ മനോഹരഗാനത്തിന്റെ ആദ്യ വരിയാണ് 'ആകാശമായവളെ' യെന്നത്. സ്വർഗത്തിന്റെ തുണ്ടു ഗർഭംധരിച്ച രണ്ടു സ്ത്രീകളുടെ കണ്ടുമുട്ടലാണ് ഇന്നത്തെ സുവിശേഷം. ഈ കാഴ്ച കാണുന്നവരും വായിക്കുന്നവരും മെല്ലെ ആകാശ ത്തേക്കുയരും; തീരെ കനം കുറഞ്ഞു ചിറകു വിരിച്ചുയരും. മറിയത്തെ ആകാശത്തേക്കു ഉയർത്തിയതിന്റെയല്ല, മറിയം ആകാശമായി തീർന്നതിന്റെ തിരുനാളാണ് ഇന്ന്.

സ്വാതന്ത്ര്യം നിയന്ത്രണങ്ങളില്ലാത്ത അവസ്ഥയാണെന്ന് പറയാറുണ്ട്. ആ കാശം നിയന്ത്രണങ്ങളില്ലാത്ത ഇടമല്ല; ദൈവം നിയന്ത്രണങ്ങൾ ഏറ്റെടുക്കുന്ന ഇടമാണ്. ഇവിടെയാണ് മറിയം ആകാശമായി മാറുന്നത്.

മറിയത്തിന്റെയും എലിസബത്തിന്റെയും കണ്ടുമുട്ടലിനെ ഒരു സാധാരണക്കാരന്റെ കണ്ണിലൂടെ വായിച്ചു നോക്കിയെ... വാർധക്യത്തിൽ ഗർഭം ധരിച്ച എലിസബത്ത്, ഒരു പുരോഹിതന്റെ ഭാര്യ. മനുഷ്യരുടെ നോട്ടം അത്ഭുതത്തെക്കാൾ അവജ്ഞയുടെതായിരിക്കും. അതുകൊണ്ടുതന്നെയാവണം പട്ടണത്തിലെ വീടുവിട്ട് മലമുകളിലുള്ള ഒഴിവുകാലവീട്ടിലേക്കു എലിസബത്ത് മാറി നിന്നത്; സംശയ നോട്ടങ്ങളെ, ചോദ്യങ്ങളെ ഒഴിവാക്കിയത്. മറിയത്തിനോ, കല്യാണത്തിനുമുമ്പേ വളർന്നുതുടങ്ങിയ ഉദരത്തെ മറച്ചുപിടിക്കാൻ ഒരു ഒളിത്താവളം. ദൈവിക രഹസ്യങ്ങൾ അറിയാത്ത ഒരു സാധാരണക്കാരന് ഈ രണ്ടു സ്ത്രീകളും വഴിപിഴച്ചവരല്ലേ? ഇത്തരക്കാർ കണ്ടുമുട്ടുമ്പോൾ സംഭവിക്കുന്നത് കുറ്റം പറച്ചിലും കരച്ചിലുമല്ലേ? പക്ഷെ, യഥാർത്ഥത്തിൽ സംഭവിച്ചതോ? സ്വർഗം ഭൂമിയിൽ! സൂപ്പർ ഡാൻസ്. മറിയത്തിന്റെ സൂപ്പർ പാട്ട്. അടിപൊളി.

വേട്ടക്കാരൻ മാനിന്റെ പിന്നാലെ പാഞ്ഞതാണ്. കൊടുംകാട്ടിൽ ദിശയും വഴിയും നഷ്ടപെട്ടു. മൂന്ന് ദിവസമാണ് ആഹാരം തേടി നടന്നത്. ഒടുവിൽ ഒരു ആപ്പിൾ മരം കണ്ടെത്തി. ഓടിചെന്ന് മരം കുലുക്കി. ആദ്യത്തെ ആപ്പിൾ എടുത്തു തിന്നുമ്പോൾ അയാളുടെ കണ്ണ് നിറഞ്ഞു ഒഴുകുന്നുണ്ടായിരുന്നു. കഴിഞ്ഞ ദിവസങ്ങളിലെ പട്ടിണിയും അലച്ചിലും ആപ്പിൾ കൃപയുടെ മുന്നിൽ ദഹിച്ചുപോയി. ആദരപൂർവം കൃതജ്ഞതയോടെ ഒന്നാമത്തെ ആപ്പിൾ അയാൾ തിന്നുതീർത്തു. രണ്ടാമത്തെ ആപ്പിളിന് ആദ്യത്തേതിന്റെ രുചി കിട്ടിയില്ല. പത്താമത്തെ ആപ്പിൾ അയാൾ തിന്നുമ്പോഴേക്കും രണ്ടെണ്ണം മോശമെന്ന് പറഞ്ഞു അയാൾ വലിച്ചെറിഞ്ഞിരുന്നു. സാമ്പത്തികശാസ്ത്രത്തിൽ ഇതിനെ *ഡിമിനിഷിങ് മാർജിനൽ യൂട്ടിലിറ്റി* എന്നു പറയും. മറ്റൊരു വാക്കിൽ Diminishing gratitude. നിരന്തരം നമുക്കു കിട്ടികൊണ്ടിരിക്കുന്ന നന്മകളെ വിലമതിക്കാതെ പോകുന്ന ഈ പ്രതിഭാസ ത്തിനു 10th ആപ്പിൾ എഫക്റ്റ് എന്ന് കൂടി വിളിക്കും. Taken for granted എന്ന അവസ്ഥയിൽനിന്നും taken with gratitude എന്ന അവസ്ഥയിൽ എത്തണം. ലോക്ക്ഡൗൺ കാലത്തു ചെറിയ യാത്രകൾപോലും നമുക്കു മിസ്സ് ചെയ്തില്ലേ? സ്വാതന്ത്ര്യത്തിന്റെ സുഖം കൂടുതൽ തിരിച്ചറിഞ്ഞത് അടച്ചുപൂട്ടിയിരുന്നപ്പോഴല്ലേ?

സംഭവിക്കുന്ന ഓരോ നിമിഷവും കൃതജ്ഞതയോടെ ജീവിക്കുമ്പോൾ നമ്മൾ ആകാശത്തേക്കു ഉയരുകയല്ല മറിയത്തെ പോലെ ആകാശമായി മാറുകയാണ്. നിയന്ത്രണങ്ങളില്ലാത്ത ഇടങ്ങളല്ല നിയന്ത്രണങ്ങൾ ദൈവം ഏറ്റെടുക്കുന്ന ഇടങ്ങളാവട്ടെ നമ്മുടെ ജീവിതം.

**ഫാ. ജോൺ ക്യാപിസ്റ്റൻ ലോപ്പസ്**

# ആഗസ്റ്റ് 22
# ആണ്ടുവട്ടം 21–ാം ഞായർ

## ഭാഷ്യം

ജോഷ്വ 24:1-2a,15-17,18b; എഫേ 5:21-32

യോഹ 6:60-69

### സന്ദർഭം

പെസഹാതിരുനാളിന്റെ പശ്ചാത്തലത്തിൽ യോഹന്നാൻ സുവിശേഷകൻ അവതരിപ്പിക്കുന്ന 6-ാം അധ്യായം ഏറെ സവിശേഷതകൾ നിറഞ്ഞതാണ്. അത്ഭുതങ്ങൾ, സംവാദങ്ങൾ, പ്രഭാഷണങ്ങൾ എന്നിവ കോർത്തിണക്കി രൂപപ്പെടുത്തിയിരിക്കുന്നവെന്നതാണ് ഈ അധ്യായത്തിന്റെ ഒരു പ്രത്യേകത. അന്ത്യ അത്താഴവേളയിൽ ദിവ്യകാരുണ്യ സ്ഥാപനം വിവരിക്കപ്പെടാത്തതിനാൽ ഈ അധ്യായം ദിവ്യകാരുണ്യസ്ഥാപനത്തിന് പകരമായി രൂപീകരിക്കപ്പെട്ടുവെന്നതാണ് മറ്റൊരു സവിശേഷത. കൂടാതെ, 6-ാം അധ്യായത്തിലെ അത്ഭുതങ്ങളും സംവാദങ്ങളും പ്രഭാഷണങ്ങളും രണ്ട് കൂട്ടർക്ക് (ജനക്കൂട്ടത്തിനും ശിഷ്യർക്കും) വെവ്വേറെ നല്കപ്പെടുന്നുവെന്നതും ഇവിടെ ശ്രദ്ധേയമാണ്. അപ്രകാരം 6-ാം അധ്യായത്തിന് താഴെപറയും വിധം ഒരു വിഭജനം നല്കാനാകും. 6:1-15 ജനക്കൂട്ടത്തിനുവേണ്ടിയുള്ള അത്ഭുതം; 6:16-21 ശിഷ്യർക്കുവേണ്ടിയുള്ള അത്ഭുതം; (6:22-24- സംക്രമണം); 6:25-34 ജനക്കൂട്ടവുമായുള്ള സംവാദം; 6:35-59 ജനക്കൂട്ടത്തിനുവേണ്ടിയുള്ള പ്രഭാഷണം; 6:60-71 - ശിഷ്യരുമായുള്ള സംവാദവും അവർക്കുവേണ്ടിയുള്ള പ്രഭാഷണവും. ഇന്നത്തെ വചനഭാഗം 6-ാം അധ്യായത്തിലെ അവസാന ഘടകമാണ്.

## സാരം

1. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള യേശുവിന്റെ പ്രഭാഷണം യഹൂദർക്കിടയിൽ മാത്രമല്ല തർക്കത്തിന് കാരണമാകുന്നത് (6:52). യേശുവിന്റെ ശിഷ്യർക്കും അത് സ്വീകാര്യമാകുന്നില്ല (6:60). "ഈ വചനം കഠിനമാണെന്നാണ്" ശിഷ്യരുടെയും നില പാട്. അങ്ങനെ യഹൂദരെപ്പോലെ ശിഷ്യരും പിറുപിറുക്കുന്നു (60:61; 6:41 കാണുക). എന്നാൽ ശിഷ്യരുടെ സംശയത്തിനേയും എതിർപ്പിനേയും യേശു വെല്ലുവിളിക്കുന്നു. മനുഷ്യപുത്രന്റെ സ്വർഗാരോഹണം അവിടുത്തെ പ്രഭാഷണത്തിന്റെ അജ്ഞത വർധിപ്പിക്കുമോ അതോ ശിഷ്യരെ അജ്ഞരാക്കുന്ന കാര്യങ്ങളെക്കുറിച്ച് ബോധ്യപ്പെടുത്തുമോ (6:62)? യോഹന്നാൻ മനുഷ്യപുത്രന്റെ ആരോഹണത്തെക്കുറിച്ച് ഉപയോഗിക്കുന്ന ഭാഷ -"ആദ്യം ആയിരിക്കുന്ന ഇടത്തേക്കുള്ള ആരോഹണം" - യേശു ദൈവത്തിലേക്കു മടങ്ങിപോകുന്നതിനെക്കുറിച്ചുള്ള ഭാ ഷയുടെ പര്യായമാണ് (ഉദാ. 3:13; 21:17). അങ്ങനെ യേശുവിന്റെ ആരോഹണം ഉത്ഥാനത്തിന്റെ മുഴുവൻ സംഭവത്തിലേയ്ക്ക് വിരൽചൂണ്ടുന്നു: മരണം, ഉത്ഥാനം, സ്വർഗാരോഹണം. കൂടാതെ, യേശുവിന്റെ 'ആരോഹണം' അവിടുത്തെ പൂർവ്വസ്ഥിതി (pre-existence) (1:12,18; 8:58 കാണുക) സ്വർഗത്തിൽ നിന്നുള്ള യേശുവിന്റെ വരവിനെയും (3:13;6:38,51) വായനക്കാരുടെ ഓർമയിൽ കൊണ്ടുവരുന്നു. യേശു ശിഷ്യർക്കുനേരെ ഉയർത്തുന്ന വെല്ലുവിളി ഭാവിയിൽ അവരുടെ ചിന്തയ്ക്ക് ഒരു മാറ്റമോ പുനരവലോകനമോ ഉളവാക്കാനുതകുന്ന രീതിയിൽ (open-ended) അവസാനിപ്പിക്കുകയാണ്. കാരണം, യേശുവിന്റെ പ്രബോധനത്തിന്റെയും ഉത്ഥാന-സംഭവത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ഓരോ വ്യക്തിയും സ്വന്തം തീരുമാനമെടുക്കേണ്ടതുണ്ട്.

2. യേശു ശിഷ്യരുടെ മുമ്പിൽ ഉയർത്തിയ വെല്ലുവിളിയോടുള്ള അവരുടെ തീരുമാനം രേഖപ്പെടുത്തുന്നതിന് മുമ്പ് പ്രഭാഷണത്തിൽ അവിടുന്ന് നല്കുന്ന ഒരു പുതിയ പഠനം സുവിശേഷകൻ നല്കുന്നു. 'ശരീര' ത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള തെറ്റുധാരണ തിരുത്താനാണ് പ്രബോധനത്തിൽ യേശു പുതിയ ഒരു പഠനം ഉൾച്ചേർക്കുന്നത്. കാരണം, യേശുവിനെ

തിരായി പിറുപിറുക്കാൻ ശിഷ്യരെ പ്രേരിപ്പിച്ച പ്രധാന ഘടകം മിക്കവാറും പ്രബോധനത്തിലെ യേശുവിന്റെ ശരീരം ഭക്ഷിക്കുന്നതിനെ സംബന്ധിച്ച പഠനമായിരിക്കാം. യേശുവിനെതിരെ പ്രതിഷേധിക്കുന്ന ശിഷ്യർ (യഹൂദരെപ്പോലെ 6:52) അവിടുന്ന് സംസാരിക്കുന്ന 'ശരീരത്തെ' ശരിയായി മനസ്സിലാക്കുന്നില്ല. അവർ യേശുവിന്റെ ശരീരം മാത്രം കാണുന്നു; 'വചനം മാംസമായി' (1:14)ത്തീർന്നവനെ കാണുന്നില്ല. അതിനാൽ യേശുവിന്റെ വാക്കുകൾ ഈ തെറ്റുധാരണയെ തുറന്നു കാട്ടുന്നു. ആത്മാവാണു ജീവൻ നല്കുന്നത്; ശരീരം ഒന്നിനും ഉപകരിക്കുന്നില്ല. നിങ്ങളോടു ഞാൻ പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്" (6:63). മറ്റുവാക്കുകളിൽ, ശരീരം മാത്രമാണെങ്കിൽ അത് ഉപയോഗശൂന്യമാണ്; ആത്മാവാണ് ശരീരത്തിന് ജീവൻ നല്കുന്നത്. യേശുവിലും അവിടുത്തെ വാക്കുകളിലും ആത്മാവ് വസിക്കുന്നു. വിശ്വസിക്കുന്ന ഒരു വ്യക്തിക്ക് ആത്മാവിലും ശരീരത്തിലും ജന്മമെടുക്കാൻ കഴിയും. ശരീരവും ആത്മാവും ഒന്നു ചേർന്ന് നിൽക്കണം. ഇതാണ് മനുഷ്യാവതാരത്തിന്റെ കേന്ദ്രം. അങ്ങനെ യേശുവിന്റെ ജീവൻ നല്കുന്ന, ആത്മാവ് നിറഞ്ഞ വാക്കുകളുമായി ശരീരം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ മാത്രമാണ് അതിന് (ശരീരത്തിന്) രക്ഷാകര ശക്തിയുള്ളൂവെന്ന് യേശു സ്ഥിരീകരിക്കുന്നു. ശരീരം ഭക്ഷിക്കാനും രക്തം കുടിക്കാനും യേശു ശിഷ്യരോട് ആവശ്യപ്പെടുന്നില്ല; മനുഷ്യപുത്രന്റെ ആത്മാവിനാൽ നിറഞ്ഞ ശരീരവും രക്തവും ഭക്ഷിക്കാനാണ് അവൻ അവരോട് ആവശ്യപ്പെടുന്നത്.

3. പക്ഷേ അവിടുത്തെ വാക്കുകൾ ശിഷ്യരെല്ലാവരും വിശ്വസിക്കുകയില്ലെന്ന് യേശുവിനറിയാം (6:64). അവിശ്വാസത്തെയും വിശ്വാസവഞ്ചനയേയുംക്കുറിച്ചുള്ള മുന്നറിവ് ആറാം അധ്യായത്തിലുടനീളം പ്രകടമാകുന്ന ഒരു ദൈവശാസ്ത്രപ്രമേയത്തെ വീണ്ടും അഭിസംബോധന ചെയ്യാൻ യേശുവിനെ പ്രേരിപ്പിക്കുന്നു: ദൈവീക പ്രാരംഭവൃത്തിയും (divine initiative) മാനുഷിക തിരഞ്ഞെടുപ്പും തമ്മിലുള്ള സംഘർഷം (6:65). ദൈവത്തിന്റെ മുൻകൈയെടുക്കൽ പ്രവൃത്തി കൂടാതെ യേശുവിലേക്കുള്ള എത്തിച്ചേരൽ അസാധ്യമാണ്. യേശു മുൻകൂട്ടിക്കണ്ട തിരസ്ക

രണം സംഭവിക്കുന്നു: യേശുവിന്റെ ശിഷ്യരിൽ വളരെപേർ അവിടുത്തെ വിട്ടുപോകുന്നു (6:66). തുടർന്ന് യേശു പന്ത്രണ്ടുപേരെ ഒരു തെരഞ്ഞെടുപ്പിനായി ക്ഷണിക്കുന്നു (6:67). യേശുവിൽ ദൈവം നല്കിയ ജീവൻ സ്വീകരിക്കണമോ തിരസ്കരിക്കണമോയെന്ന് പന്ത്രണ്ടുപേർ തീരുമാനിക്കണം. പന്ത്രുണ്ടുപേരുടെ വക്താവായി സൈമൺ പീറ്റർ യേശുവിൽ വാഗ്ദാനം ചെയ്യപ്പെട്ടത് സ്വീകരിക്കാൻ തയ്യാറാകുന്നു.:"കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്" (6:68). കേസറിയാ ഫിലിപ്പിയിൽ വച്ച് പത്രോസ് നല്കിയ വിശ്വാസപ്രഖ്യാപനത്തിന്റെയും (മത്താ 16:13-20; മർക്കോ 8:27-33) ലൂക്കായിലെ വിശ്വാസപ്രഖ്യാപനത്തിന്റെയും (ലൂക്കാ 9:18-20) സമാന്തരമായി ഇതിനെ കാണാം. പത്രോസിന്റെ വിശ്വാസപ്രഖ്യാപനത്തിൽ ഒരു വിശ്വാസിയുടെ പ്രവർത്തനമാതൃക ദർശിക്കാനാകും. വിശ്വാസത്തിന്റെ പാതയാണ് ഇത് വെളിപ്പെടുത്തുന്നത്. ഏക ദൈവമാണ് എല്ലാ ശക്തിയുടെയും ജീവന്റെയും ഉറവിടം. നിത്യജീവൻ നല്കാൻ ദൈവത്തിനു മാത്രമേ കഴിയൂ. ദൈവവുമായി ബന്ധപ്പെടാതെ ദൈവികജീവൻ അനുഭവിക്കാനാവില്ല. യേശു ജീവന്റെ ഉറവിടമായ ദൈവംതന്നെയാണെന്ന് പത്രോസ് പ്രഖ്യാപിക്കുന്നു. ആ പ്രഖ്യാപനത്തിലേയ്ക്ക് പത്രോസിനെ നയിക്കുന്ന പാത പിറുപിറുക്കലിന്റെയും തർക്കത്തിന്റെയും ബൗദ്ധികമായ വിലയിരുത്തലിന്റെയുമല്ല, മറിച്ച് വിശ്വാസത്തിന്റേതാണ്: "ഞങ്ങൾ വിശ്വസിക്കുകയും അറിയുകയും ചെയ്തിരിക്കുന്നു" (6:69). വിശ്വാസത്തിലൂടെ അറിവിലേയ്ക്ക് വരികയാണ് ക്രൈസ്തവന്റെ പാത.

4. നാല്പത് വർഷത്തെ മരുഭൂമി വാസത്തിനുശേഷം ജോഷ ഇസ്രായേല്യരെ വാഗ്ദത്ത ഭൂമിയിലേയ്ക്കു നയിച്ചു. അവിടെ ഇസ്രായേൽ ജനം ദീർഘനാളത്തെ കഷ്ടപ്പാടുകളും കാത്തിരിപ്പും സഹിച്ചു. വാഗ്ദാനം ചെയ്യപ്പെട്ട ഭൂമി കൈവശപ്പെടുത്തുകയെന്നാൽ പ്രദേശവാസികൾക്കെതിരെ യുദ്ധം ചെയ്യുക എന്നതായിരുന്നു. യുദ്ധം ചെയ്ത് കീഴടക്കിയ ദേശത്ത് താമസിച്ച ഇസ്രായേല്യർ അനേകം ദേവന്മാരുടെ ലോകത്താണ്

ജീവിച്ചത്. ചിലരെങ്കിലും അന്യദേവന്മാരിൽ ആകൃഷ്ടരായി. അതിനാൽ ജോഷ ജനത്തെ ഒരുമിച്ചുകൂട്ടി അവരോട് വിശ്വാസ ചോദ്യം ഉന്നയിച്ചു. ഇസ്രായേല്യർക്ക് ദൈവത്തിൽ എത്രമാത്രം വിശ്വാസമുണ്ട്? വിശ്വാസ ചോദ്യവും അതിനുള്ള ഉത്തരവും ഇന്നത്തെ ഒന്നാം വായനയിൽ കാണാം. ഉന്നയിക്കപ്പെട്ട വിശ്വാസ ചോദ്യത്തിലൂടെ ജോഷ ഇസ്രായേല്യർക്ക് വ്യക്തമായ ഒരു തിരഞ്ഞെടുപ്പ് വാഗ്ദാനം ചെയ്യുന്നു: നിങ്ങളെ സ്വതന്ത്രരാക്കിയ ദൈവത്തെയോ പ്രാദേശിക ജനതയുടെ ദേവന്മാരെയോ സേവിക്കുക. ഇസ്രായേൽ ജനത്തിന്റെ നേതാവ് എന്ന നിലയിൽ, താൻ എവിടെ നില്ക്കുന്നുവെന്നതിനെക്കുറിച്ച് ജോഷയ്ക്ക് വ്യക്തതയുണ്ട്. അതിനാൽ, തങ്ങളുടെ നിലപാട് വ്യക്തമായി പ്രഖ്യാപിക്കാൻ ജോഷ ജനത്തെ ക്ഷണിക്കുകയാണ്. കർത്താവിനെ സേവിക്കുമെന്നും അവിടുന്നാണ് ദൈവവുമെന്നുമുള്ള പ്രതികരണം (24:18) ഇസ്രായേല്യരുടെ ശരിയായ തിരഞ്ഞെടുപ്പും ദൈവത്തിലുള്ള വിശ്വാസത്തിന്റെ സമയോചിതമായ പ്രഖ്യാപനവുമായി മാറുന്നു. വാഗ്ദത്ത ഭൂമിയിൽ ദൈവജനമായി ജീവിക്കണമെങ്കിൽ അവർക്ക് ഇനി അവരുടെ വിശ്വാസപ്രഖ്യാപനത്തിൽ നിന്നും ഒഴിഞ്ഞു മാറാനാവില്ല. അവർ തങ്ങളോടും തങ്ങളുടെ ദൈവവുമായുള്ള ഉടമ്പടിയോടും വിശ്വസ്തരായിരിക്കണം.

## സന്ദേശം

ഒന്നാം വായനയിൽ ജോഷ ഉന്നയിച്ച വിശ്വാസ ചോദ്യത്തിന് ഇസ്രായേല്യർ വ്യക്തമായ ഒരു തിരഞ്ഞെടുപ്പ് നടത്തുന്നു. കർത്താവിനെ സേവിക്കണം, അവിടുന്നാണ് ദൈവം. നാലാം സുവിശേഷത്തിൽ ദൈവിക മുൻകൈയെടുക്കലിന്റെയും മാനുഷിക താല്പര്യത്തിന്റെയും സംഘർഷത്തിന് മധ്യേ സൈമൺ പത്രോസ് ശരിയായ തെരഞ്ഞെടുപ്പ് നടത്തുന്നു: കർത്താവേ നീയാണ് നിത്യജീവന്റെ ഉറവിടം. ദൈവികവാഗ്ദാനം ഗ്രഹിക്കാൻ കഴിയില്ലായെന്ന് തോന്നുമ്പോഴും വിശ്വസിച്ച് അതിന്റെ ആഴങ്ങൾ അന്വേഷിച്ചാൽ ഗ്രഹിക്കാൻ അസാധ്യമായിരുന്നത് ഗ്രഹണ സാധ്യമാകും. യേശുവിൽ നല്കപ്പെടുന്ന വെളിപാട്

സ്വീകരിച്ച് ജീവൻ അനുഭവിക്കാൻ വിശ്വാസത്തിന്റെ പാത മാത്രമേ നമുക്ക് മുമ്പിലുള്ളൂ. വിശ്വസിക്കുകയും അതിലൂടെ നമ്മെ സംബന്ധിച്ച ദൈവിക പദ്ധതിയുടെ ആഴങ്ങൾ അറിയുകയുമാണ് ക്രൈസ്തവ ജീവിതശൈലി.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## കൂടെ നടക്കുകയാണ് വേണ്ടത്

വിശുദ്ധ യോഹന്നാന്റെ സുവിശേഷം 6-ാം അധ്യായം മുഴുവൻ ജീവന്റെ അപ്പത്തെപ്പറ്റിയാണ് വിവരിക്കുന്നത്. ഇതുവരെയുള്ള യേശുവിന്റെ അത്ഭുതപ്രവർത്തികളും സാരോപദേശങ്ങളും ഉപമകളും അപ്പം വർധിപ്പിക്കുന്നതുമെല്ലാം നിത്യതയുടെ അപ്പം ഭക്ഷിക്കാനും അതിൽ അടിയുറച്ച് വിശ്വസിക്കാനുംവേണ്ടിയുള്ളതാണ്.

സത്യങ്ങൾ ചിരംജീവിക്കുന്നു. അതിന് വ്യക്തിയുടെയോ സമൂഹത്തിന്റെയോ കാലത്തിന്റെയോ ഇഷ്ടാനിഷ്ടങ്ങളുമായി ബന്ധമില്ല. യേശു പറഞ്ഞു: "ഞാൻ ജീവന്റെ അപ്പമാണ്; ഇത് ഭക്ഷിക്കുന്നവൻ എന്നേക്കും ജീവിക്കും" (യോഹ 6:51). ആരെല്ലാം കൂടെയുണ്ടായാലും ആരെല്ലാം അകന്നുപോയാലും ആരാരും കൂടെയില്ലായിരുന്നാലും മാറ്റപ്പെടാൻ കഴിയുന്ന സത്യമല്ലിത്. ഒന്നുകിൽ വിശ്വസിച്ച് ജീവനിലേക്ക് പ്രവേശിക്കുക അല്ലെങ്കിൽ ഈ വചനങ്ങൾ കഠിനമാണെന്ന് പറഞ്ഞവരെപോലെ അവനെവിട്ട് ഇരുട്ടിലേക്ക് ഇറങ്ങുക. മാറ്റംവരേണ്ടത് മൂല്യത്തിനും സത്യത്തിനുമല്ല; മനുഷ്യർക്കും അവരുടെ മനോഭാവങ്ങൾക്കുമാണ്.

നിത്യജീവൻ നൽകുന്ന അപ്പത്തെക്കുറിച്ചുള്ള വചസ്സുകൾ ശ്രവിച്ച മൂന്ന് തലത്തിൽപ്പെട്ട ആളുകൾ മൂന്ന് രീതിയിലാണ് പ്രതികരിച്ചത്. ഇതിൽ ഏത് തരക്കാരിൽ നമ്മൾ പെടുമെന്ന് വ്യക്തിപരമായി നമുക്കുചിന്തിക്കാം.

‘ഇതിനുശേഷം അവന്റെ ശിഷ്യന്മാരിൽ വളരെപ്പേർ അവനെ വിട്ടുപോയി; അവർ പിന്നീടൊരിക്കലും അവന്റെകൂടെ നടന്നില്ല’ (യോഹ 6:66). ചിലർ അങ്ങനെയാണ്, എല്ലാം ശുഭമായുണ്ടാകുമ്പോൾ കൂടെയുണ്ടാകും. കൂടെയുള്ളവന് ഇടർച്ചവരുന്നു എന്നറിയുമ്പോൾ വിട്ടിറങ്ങും. യേശുവിന്റെ അത്ഭുതങ്ങളുടെ ഫലവും അപ്പത്തിന്റെ സമൃദ്ധിയും എല്ലാം അധികമനുഭവിച്ച കൂട്ടരാണിവർ. എന്നാൽ ലോകത്തിന്റെ ജീവനുവേണ്ടി ജീവൻ ബലികഴിച്ച് നൽകേണ്ട അപ്പം എന്റെ ശരീരമാണെന്ന വാർത്ത അവരെ അസ്വസ്ഥരാക്കി. സഹനങ്ങൾ ഇഷ്ടപ്പെടാതെ നേട്ടങ്ങൾമാത്രം ആഗ്രഹിച്ച് യേശുവിന്റെ കൂടെകൂടിയവർ അവനെ വിട്ടുപോയി.

ഓർക്കണം, നേടിയ അപ്പമല്ല. നൽകിയ അപ്പമാണ് വർധിച്ചത്. നൽകിയ ശരീരമാണ് കാൽവരിക്കുന്നിന്റെ നെറുകയിൽ കുരിശാകുന്ന തീച്ചുളമേൽ ചുട്ടെടുക്കപ്പെട്ട അപ്പമായി, ദിവ്യകാരുണ്യമായി മാറിയത്. നമ്മുടെ പ്രാർത്ഥനയും ഭക്തിയും ഭജനകളുമെല്ലാം നേടാനുള്ളതാണോ, നൽകുകവഴി ദിവ്യകാരുണ്യമായലിയാനുള്ളതാണോ?

“എന്നാൽ നിങ്ങളിൽ ഒരുവൻ പിശാചാണ്. അവൻ ഇതു പറഞ്ഞത് യൂദാസിനെക്കുറിച്ചാണ്” (യോഹ 6:71). സാഹിത്യസൃഷ്ടികളിൽ ചിലതിനെ ശുഭപര്യവസാനിയെന്നും മറ്റുചിലതിനെ അശുഭപര്യവസാനിയെന്നും വിളിക്കാറുണ്ട്. ശുഭമായി തുടങ്ങി ട്രാജഡിയായി പര്യാവസാനിച്ച ജീവിതമാണ് യൂദാസ് സ്കറിയോത്തായുടേത്. യേശുവിനെ കണ്ട കണ്ണാണ് അവന്റേത്, ക്രിസ്തുവിനെ തൊട്ട കരമാണവന്റേത്. ക്രിസ്തുവിന്റെ അത്ഭുതങ്ങൾക്കും പ്രവർത്തനങ്ങൾക്കും സാക്ഷ്യംവഹിക്കാൻ ഭാഗ്യംലഭിച്ചവനാണ് യൂദാസ്. എങ്കിലും അവൻ വീണു. അവിശ്വസ്തതയും സ്വാർത്ഥവും അത്യാഗ്രഹവും കലർന്ന ജീവിതത്തിന്റെ പാത പിശാചിന്റേതാണ്. സ്വർഗത്തിൽനിന്ന് നരകത്തിലേക്കാ ണ് അതിന്റെ വീഴ്ച. നിത്യജീവനിൽനിന്നും നിത്യമരണത്തിലേക്കും. ദുർബലമാകുന്ന വിശ്വാസവും സത്യസന്ധതയില്ലാത്ത ക്രിസ്തീയ ജീവിതവും നിത്യജീവന്റെ അടിത്തറയെ നിർവീര്യമാക്കും.

യേശു ചോദിച്ചു: "നിങ്ങളും പോകാൻ ആഗ്രഹിക്കുന്നുവോ? ശിമയോൻ പത്രോസ് മറുപടിപറഞ്ഞു: കർത്താവേ, ഞങ്ങൾ ആരുടെ അടുത്തേക്കുപോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട് (യോഹ 6:67-68). നീ സജീവദൈവത്തിന്റെ പുത്രനായ മിശിഹായാണെന്ന് കേസറിയാ ഫിലിപ്പിയിൽവച്ച് പറഞ്ഞ അതേ ആർജവത്തോടെ ഒരല്പംപോലും ശങ്കയ്ക്ക് ഇടം നൽകാതെ, വിശ്വാസത്തിൽ ഒരൽപ്പംപോലും വെള്ളംചേർക്കാതെ പത്രോസ് പ്രഖ്യാപിച്ചതാണിത്; "ഞങ്ങൾ ആരുടെ അടുത്തേക്ക് പോകും. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ടല്ലോ" (6:68).

വിശ്വാസമെന്നത് കറകളഞ്ഞതും സുസ്ഥിരവും സംശയം ലേശം ഇല്ലാത്തതുമാകണം. അത് പത്രോസിനുണ്ടായിരുന്നു. അതിനാൽ അവൻ സഭയുടെ അടിസ്ഥാനശിലയായി മാറി. നിത്യജീവനിലേക്കും നിത്യതയുടെ അപ്പത്തിലുള്ള പങ്കുചേരലിലും കൂടാതെ സഹനങ്ങളിൽ പതറാതെ തന്നെ തലകീഴായി കൊല്ലാനുള്ള കുരിശ് ഇരുകൈയും നീട്ടി സ്വീകരിക്കാനും പത്രോസിനെ പ്രാപ്തനാക്കിയതും ഒരു ദിവസത്തെ അത്ഭുതം കൊണ്ടല്ല. ഓരോ ദിവസവും അവൻ യേശുവിന്റെ ചാരെ ജീവിച്ച് യേശുവിലേക്ക് രൂപപ്പെടുകവഴിയാണ്. നിത്യജീവൻ നൽകുന്ന അപ്പത്തിൽ വിശ്വസിക്കാനും നിത്യവചസ്സുകളുടെ ദാതാവിനെ സ്വന്തമാക്കാനും വളരണം നാം, ഓരോ ദിനവും.

ശിഷ്യൻ ഗുരുവിനോട് ആരാഞ്ഞു: "ആരാണ് സന്ന്യാസി?" ഗുരു പറഞ്ഞു: "ആരാണ് ഒരു സന്ന്യാസി എന്ന് ഓരോ ദിനവും സ്വയം ചോദിച്ചുകൊണ്ടിരിക്കുന്നവനാണ് സന്ന്യാസി."

വിട്ടുപോവുകയല്ല; വിടാതെ കൂടെ നടക്കുകയാണ് വേണ്ടത്. അപ്പൊഴേ, ക്രിസ്തുശിഷ്യത്വത്തിന്റെ സുഖം, ആനന്ദം നമുക്കും ലഭിക്കൂ.

**ഡോ. എ. ആർ. ജോൺ**

# ആഗസ്റ്റ് 29
# ആണ്ടുവട്ടം 22-ാം ഞായർ

## ഭാഷ്യം

നിയ 4:1-2,6b-8; യാക്കോ 1:17-18, 21b-22,27)

മർക്കോ 7:1-8,14-15, 21-23

### സന്ദർഭം

ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായി ധ്യാനിക്കാനും ദിവ്യ കാരുണ്യനാഥന്റെ പ്രവർത്തനശൈലി നമ്മിൽ രൂപപ്പെടാനും വേണ്ടി ആരാധനക്രമത്തിലെ 'B' കാലചക്രത്തിൽ 17 മുതൽ 21 വരെ ഞായറുകളിൽ യോഹന്നാന്റെ സുവിശേഷത്തിലെ 6-ാം അധ്യായം വിചിന്തനത്തിനായി നല്കിയതിന് ശേഷം തിരുസ്സഭ ഈ ഞായറാഴ്ചമുതൽ മർക്കോസ് അറിയിച്ച സുവിശേഷത്തിലേക്ക് തിരിച്ച് പോവുകയാണ്.

മർക്കോസ് സുവിശേഷത്തിൽ യേശു അപ്പം വർധിപ്പിച്ചതും (6:30-44) കടലിനുമീതെ നടന്നതും (6:45-52) ഗനേസറത്തിൽ പ്രവർത്തിച്ച അത്ഭുതങ്ങളും (6:53-56) യേശുവിന്റെ വിജയകഥകളായിരുന്നു. തുടർന്നുള്ള അധ്യായത്തിൽ യേശുവിനെതിരേ ഉയർന്നുവരുന്ന എതിർപ്പിന്റെ കാർമേഘങ്ങളിലേയ്ക്ക് മർക്കോസിന്റെ ദൃഷ്ടി തിരിയുന്നു (7:1-23). പാരമ്പര്യത്തിന്റെ സൂക്ഷിപ്പുകാരായ ഫരിസേയരോടും നിയമജ്ഞരോടുമുള്ള ഏറ്റുമുട്ടലിൽ, അവിടുത്തെ മരണത്തിലേക്ക് നയിക്കുന്ന ജറുസലെം സംഘട്ടനത്തിന്റെ നിഴൽ വീശുന്നു. കാരണം, മർക്കോസിനെ സംബന്ധിച്ചിടത്തോളം യേശുവിനെ എതിർക്കുന്ന നഗരമാണ് ജറുസലെം. അതുകൊണ്ടാണ് നിയമജ്ഞർ 'ജറുസലെമിൽ നിന്നു വന്നു' (7:1) എന്ന് മർക്കോസ് എടുത്തുപറയുന്നത്. താൻ ക്രിസ്തുവാണെന്ന് യേശു സ്വയം വെളിപ്പെടുത്തുന്ന ഭാഗ

ത്തിന്റെ മധ്യേ (6:30–8:26) ബോധപൂർവ്വം മർക്കോസ് ഈ ഭാഗം ഉൾപ്പെടുത്തിയിരിക്കുന്നത് തന്റെ വിജാതീയ ക്രൈസ്തവ സമൂഹത്തിനുള്ള ഒരു പാഠമായിട്ടാണ്. ഈ വിവരണം മൂന്ന് ഭാഗങ്ങൾ ഉൾക്കൊള്ളുന്നു: 1) അശുദ്ധിയെ സംബന്ധിച്ച തർക്കം (7:1–8); 2) വഴിപാട് -കൊർബാൻ (7:9–13); 3) അശുദ്ധിയെ സംബന്ധിച്ച യേശുവിന്റെ പ്രബോധനം (7:14–23). ഇന്നത്തെ വചനഭാഗം ആദ്യത്തേതും അവസാനത്തേതിലെയും ചിലവാക്യങ്ങളാണ്.

## സാരം

1. 'ഫരിസേയരും ജറുസലെമിൽ നിന്നുവന്ന ചില നിയമജ്ഞരും' (7:1) യേശുവുമായി ഒരു തർക്കത്തിൽ ഏർപ്പെടുന്ന സംഭവം ഇന്നത്തെ സുവിശേഷത്തിന്റെ ആരംഭത്തിൽ മർക്കോസ് നല്കുന്നു. യേശുശിഷ്യർ കൈകഴുകി ശുദ്ധിവരുത്താതെ ഭക്ഷണം കഴിച്ചതാണ് (7:2) തർക്കത്തിന് കാരണമായത്. ശുചിത്വത്തെ കരുതിയുള്ള തർക്കം എന്നതിനെക്കാൾ അത് ആചാരനുഷ്ഠാനപരമായ ശുദ്ധീകരണത്തെക്കുറിച്ചായിരുന്നുവെന്ന് മർക്കോസ് വിവക്ഷിക്കുന്നു. കാരണം, ശുദ്ധീകരണത്തെ സംബന്ധിച്ച അനുഷ്ഠാനവിധികൾ ഫരിസേയരുടെ മതത്തിലെ വലിയൊരു വ്യഗ്രതയായിരുന്നു. ആചാരപ്രകാരമുള്ള ശുദ്ധീകരണം ദൈവാരാധനയ്ക്ക് അവശ്യവ്യവസ്ഥയായിരുന്നു. കൈകാലുകൾ കഴുകി ശുദ്ധിവരുത്തുക എന്ന നിയമം ആരംഭത്തിൽ ദൈവാലയത്തിൽ കർമം അനുഷ്ഠിക്കുന്ന പുരോഹിതർക്കും ശുശ്രൂഷികൾക്കും മാത്രമേ ബാധകമായിരുന്നുള്ളൂ (പുറ 30:19; 40:13). പിന്നീട് ഈ നിയമം സാധാരണ ജനങ്ങൾക്കും ബാധകമാക്കി. പിൽക്കാലത്ത് അനുഷ്ഠാനപരമായ അശുദ്ധിയെ ഭയന്ന്, ഭക്ഷണം കഴിക്കുന്നതിനുമുമ്പുപോലും ദേഹശുദ്ധീകരണം നിർബന്ധിത നിയമമാക്കി. ഈ നിബന്ധനകൾ "പൂർവ്വികരുടെ പാരമ്പര്യങ്ങളിൽ" (7:3) നിന്നുള്ളവയായിരുന്നു. മോശ വഴി ദൈവം നല്കിയ ലിഖിതനിയമങ്ങളല്ല ('തോറാ' അല്ല); അവയുടെ വ്യാഖ്യാനങ്ങളടങ്ങുന്ന വാമൊഴി നിയമങ്ങളായിരുന്നു (ഹലാക്കാ) 'പൂർവ്വികരുടെ പാരമ്പര്യം.' നിയമജ്ഞരും ഫരി

സേയരും ആയിരുന്നു ഈ പാരമ്പര്യങ്ങളുടെ സൂക്ഷിപ്പുകാർ. ഈ പാരമ്പര്യങ്ങൾ 'തോറ' പോലെ ആധികാരികതയും പ്രാബല്യവുമുള്ളവയാണെന്ന് അവർ കരുതിപ്പോന്നു. മോശയുടെ നിയമം ലംഘിക്കുന്നതുപോലെതന്നെ കുറ്റകരമായിരുന്നു 'പൂർവ്വികരുടെ പാരമ്പര്യങ്ങളുടെ' ലംഘനവും. ഫരിസേയ മതത്തിന്റെയും അതിലെ അനുഷ്ഠാനങ്ങളുടെയും പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഇന്നത്തെ സുവിശേഷത്തിലെ തർക്കം (7:1-8) മനസ്സിലാക്കാൻ മർക്കോസ് നമ്മെ ക്ഷണിക്കുന്നു.

2. ആചാരാനുഷ്ഠാനങ്ങളെക്കാളുപരി ദൈവഹിതം അനുസരിക്കുക എന്നുള്ള വിപുലവും സുപ്രധാനവുമായ മനുഷ്യധർമ്മം എടുത്തുകാണിച്ചുകൊണ്ട് തന്റെ ശിഷ്യർക്കെതിരായി ഫരിസേയരും ജറുസലെമിൽനിന്ന് വന്ന നിയമജ്ഞരും ഉന്നയിച്ച ആരോപണങ്ങളെ യേശു നേരിടുന്നു (7:6-8). ദൈവഹിതം നിറവേറ്റാതെ, മനുഷ്യനിർമിതമായ പാരമ്പര്യങ്ങളെ അന്ധമായി അനുഷ്ഠിക്കുന്ന പ്രവണതയെ അവിടുന്ന് നിഷിധമായി വിമർശിക്കുന്നു. ദൈവിക നിയമങ്ങൾക്കുപരിയായി - 'തോറാ'യ്ക്കുപരിയായി- മനുഷ്യപാരമ്പര്യത്തെ - പൂർവ്വികരുടെ പാരമ്പര്യത്തെ -പ്രതിഷ്ഠിക്കുന്ന ഫരിസേയരുടെ കാപട്യത്തെ യേശു തുറന്നുകാട്ടുന്നു (7:8). ദൈവിക നിയമത്തിന്റെ അന്തഃസത്ത മനസ്സിലാക്കാൻ കൂട്ടാക്കാത്ത ഫരിസേയരുടെയും നിയമജ്ഞരുടെയും കടുംപിടുത്തത്തെയും ബാഹ്യാചാരങ്ങളെയും അവിടുന്ന് അപലപിക്കുന്നു. അവർ ദൈവത്തെ ആരാധിക്കുന്നതായി നടിക്കുകമാത്രം ചെയ്യുന്നുവെന്നു, ദൈവഹിതത്തിനു സ്വയം വിധേയരാകാത്തതിനാൽ ദൈവത്തിൽ നിന്നു വളരെ അകലെയാണ് അവരുടെ ഹൃദയങ്ങളെന്നും യേശു തുറന്നടിക്കുന്നു. പ്രമാണങ്ങളിൽ വെളിപ്പെടുത്തപ്പെട്ട ദൈവതിരുമനസ്സ് വളച്ചൊടിക്കുന്ന ഫരിസേയ പാരമ്പര്യങ്ങളെ യേശു തള്ളിക്കളയുന്നു. ഏശയ്യായുടെ പ്രവചനം (ഏശ 29:13=മർക്കോ 7:6-7) ഉദ്ധരിച്ചുകൊണ്ട് അവിടുന്ന് അവരുടെ ആരോപണങ്ങൾക്ക് മറുപടി പറയുകയും അവരെ കപടഭക്തരെന്ന് ആക്ഷേപിക്കുകയും ചെയ്യുന്നു.

3. ഫരിസേയരുടെയും നിയമജ്ഞരുടെയും കാപട്യത്തെ തുറന്നുകാട്ടിയ യേശു, തുടർന്ന് അശുദ്ധിയുടെ ഉറവിടത്തെക്കുറിച്ച് ജനങ്ങൾക്ക് പ്രബോധനം നല്കുന്നു (17:14–23). തന്റെ വചനങ്ങൾ കേട്ടാൽ മാത്രം പോരാ മനസ്സിലാക്കുകകൂടി (7:14) വേണമെന്നാണ് ഉദ്ബോധനത്തിലെ ആദ്യഘടകം. കാരണം, യേശുവിന്റെ പ്രബോധനം നിഗൂഢവും ഗ്രഹിക്കാൻ ബുദ്ധിമുട്ടുള്ളതുമായ ഒരു വെളിപാടാണ് (4:10–12 കാണുക). യേശുവിന്റെ ഉദ്ബോധനത്തിലെ രണ്ടാമത്തെ ഘടകം ഒരുവനെ ദൈവതിരുമുമ്പിൽ ശുദ്ധനോ അശുദ്ധനോ ആക്കുന്നത് ബാഹ്യവസ്തുക്കളൊന്നുമല്ലായെന്ന യേശുവിന്റെ ആധികാരികമായ പ്രഖ്യാപനമാണ് (7:15). ശുദ്ധിയെയും അശുദ്ധിയെയും സംബന്ധിച്ച് നിർണായകമായിട്ടുള്ളത് ക്ഷാളനങ്ങളോ അനുഷ്ഠാനപരമായ ശുദ്ധകർമങ്ങളോ അല്ല, മനുഷ്യഹൃദയമാണ്. എല്ലാ അശുദ്ധിയുടെയും ഉറവിടം മനുഷ്യഹൃദയമാണ്. കൈകഴുകുന്നതിനെയും കഴുകാതിരിക്കുന്നതിനെയുംകാൾ വിശാലവും ആഴമേറിയതുമായ പ്രശ്നമാണ് അതിൽ അന്തർഭവിച്ചിരിക്കുന്നതെന്ന് യേശു ഇവിടെ ഉദ്ബോധിപ്പിക്കുന്നു. പ്രബോധനത്തിന്റെ മൂന്നാം ഘടകം ഉള്ളിൽ രൂപംകൊണ്ട് പുറമേ പ്രകടമാകുന്ന തിന്മപ്രവൃത്തികളുടെയും ആന്തരിക സാന്മാർഗിക വൈകല്യങ്ങളുടെയും ഒരു പട്ടികയാണ് (7:21–22): ദുശ്ചിന്ത, പരസംഗം , മോഷണം, കൊലപാതകം, വ്യഭിചാരം, ദുരാഗ്രഹം, ദുഷ്ടത, വഞ്ചന, ഭോഗാസക്തി, അസൂയ, ദൂഷണം, അഹങ്കാരം, മൂഢത. യേശുവിനെ സംബന്ധിച്ചിടത്തോളം അശുദ്ധിയുടെ യഥാർത്ഥ ഉറവിടം ആന്തരികമാണ് – മനുഷ്യഹൃദയം. കാരണം, ഹൃദയത്തിലാണു തിന്മകൾ മുളയെടുക്കുന്നത്. മേൽസൂചിപ്പിച്ച തിന്മകളെല്ലാം മനുഷ്യബന്ധങ്ങളെ ബാധിക്കുന്നവയാണ് എന്നതു ശ്രദ്ധേയമാണ്. ആയതിനാൽ ഒരുവനെ ശുദ്ധനോ അശുദ്ധനോ ആക്കുന്നത് ഇതര വ്യക്തികളുമായുള്ള ബന്ധത്തിൽ അയാൾ ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങളാണ്.

4. നിയമാവർത്തന പുസ്തകത്തിന്റെ രണ്ടാം ഭാഗം ആരംഭിക്കുന്നത് 4:1– ലാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെ

ടുന്നു. ഇത് 11:32 വരെ വ്യാപിച്ചുകിടക്കുന്നുവെന്നും അവർ പറയുന്നു. ഈ ഭാഗത്തെ നാലുയൂണിറ്റായി തിരിക്കാവുന്നതാണ്. ഒന്ന്, 4:1-43: ഇവിടെ അനുസരണത്തിനുള്ള ആഹ്വാനമാണ്. രണ്ട്, 4:44-5:5: ഇതിനെ ഉടമ്പടിയുടെ നിയമങ്ങൾക്കുള്ള ആമുഖമായി കണക്കാക്കാം. മൂന്ന്, 5:6-21: ഇതിൽ ഉടമ്പടിയുടെ നിയമമായ പത്തുകല്പനകൾ നല്കപ്പെടുന്നു. നാല്, 5:22-11:32: ഈ യൂണിറ്റിൽ വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഉപദേശങ്ങൾ ന ല്കപ്പെട്ടിരിക്കുന്നു. ഇന്നത്തെ ഒന്നാം വായന ആദ്യയൂണിറ്റിലെ ചില വാക്യങ്ങളാണ്. പ്രമാണങ്ങൾ അനുസരിക്കേണ്ടതിന് അഞ്ചുകാര്യങ്ങൾ ഇന്നത്തെ വായനയിൽ എടുത്തുകാട്ടുന്നു. ഒന്ന്, പ്രമാണങ്ങൾ കർത്താവ് നല്കിയവയാണ്. മോശയാണ് പഠിപ്പിക്കുന്നതെങ്കിലും കർത്താവായ ദൈവത്തിന്റെ ഹിതമാണ് പ്രമാണങ്ങൾ. രണ്ട്, പ്രമാണങ്ങൾ ജീവദായകമാണ്. പ്രമാണങ്ങൾ അനുസരിക്കാതിരിക്കുന്നത് മരണവും നാശവും വരുത്തി വയ്ക്കുന്നു. മൂന്ന്, പ്രമാണങ്ങളുടെ അനുസരണം വാഗ്ദത്തഭൂമി അവകാശമായി ലഭിക്കാൻ ആവശ്യമാണ്. നാല്, അനുസരണം ജ്ഞാനവും വിവേകവും നല്കി ഇതര ജനതകളുടെ മുമ്പിൽ ഇസ്രായേല്യരെ മഹത്ത്വമുള്ളവരാക്കും. അഞ്ച്, കർത്താവ് നല്കുന്ന പ്രമാണങ്ങൾ നീതിയുക്തമാണ്. ചുരുക്കത്തിൽ, ജീവിതത്തിനു മാർഗദർശിയായി വെളിപ്പെടുത്തപ്പെട്ട തിരുഹിതത്തെ കല്പനകൾ, പ്രമാണങ്ങൾ, ചട്ടങ്ങൾ, നിയമങ്ങൾ എന്നിവ അനുസരിക്കുന്നതിലൂടെ സുരക്ഷിതത്വവും അഭിവൃദ്ധിയും കൈമുതലാക്കാമെന്ന് ഗ്രന്ഥകർത്താവ് വ്യക്തമാക്കുന്നു.

## സന്ദേശം

ദൈവമായ കർത്താവ് മോശ വഴി നല്കിയ ജീവദായകമായ കല്പനകൾ (തോറ) അനുസരിക്കണമെന്ന് നിയമാവർത്തനഗ്രന്ഥലേഖകനും പൂർവ്വികരുടെ പാരമ്പര്യങ്ങളെക്കാൾ ദൈവഹിതം അനുസരിക്കണമെന്ന് മർക്കോസ് സുവിശേഷത്തിലെ യേശുവും പ്രസ്താവിക്കുന്നു. നിയമം, ആചാരം എന്നിവ മനുഷ്യനുവേണ്ടിയുള്ളവയാണ്, എല്ലാ മനുഷ്യരുടെയും സുസ്ഥിതിയാണ് അവ ഉന്നം വയ്ക്കുന്നത്. ആയതിനാൽ അവയിലൂടെ

പ്രകാശിതമാകുന്ന ദൈവഹിതം നിറവേറ്റാൻ നാം ക്ഷണിക്കപ്പെടുന്നു. സഹജീവികളോടുള്ള പരിഗണന, സമഭാവന, സ്നേഹം, നീതി തുടങ്ങിയ സുവിശേഷ മൂല്യങ്ങളാണ് നിയമത്തിലും പാരമ്പര്യങ്ങളിലും നാം തിരയേണ്ടത്.

**ഡോ. ലോറൻസ് കുലാസ്**

---

# പ്രസംഗം

## നിങ്ങളോർക്കുക... നിങ്ങളായെന്ന്!

"ഒരിക്കലും വിരിയാത്ത മുട്ടയെ ചിലർ അച്ചടക്കമുള്ള നല്ല മുട്ടയായി വാഴ്ത്താറുണ്ട്. പക്ഷെ സത്യത്തിൽ അതൊരു ചീഞ്ഞ മുട്ടയാണ്. നല്ല മുട്ടകൾ അടങ്ങിയൊതുങ്ങി ഇരിക്കാതെ പാരമ്പര്യങ്ങളുടെ മുട്ടത്തോടുകൾ പൊട്ടിച്ചു ജീവന്റെ പുതുരൂപങ്ങളായി പുറത്തേക്കുവരും" എന്നാണ് ഒ.വി വിജയൻ പറഞ്ഞിട്ടുള്ളത്. യേശു ശ്രമിച്ചതും യഹൂദർക്കിടയിലെ അപ്രസക്തങ്ങളായ ചില മുട്ടത്തോടുകൾ പൊട്ടിക്കാനാണ്.

നസറായനായ യേശു ചില പുതുപഠനങ്ങൾ നടത്തുന്നു എന്ന് അറിഞ്ഞപ്പോൾ ജറുസലെമിലെ യഹൂദ മതനേതാക്കൾ അവന്റെ പ്രബോധങ്ങളെക്കുറിച്ച് പഠിക്കാനും പ്രവർത്തന ശൈലി മനസ്സിലാക്കാനുംവേണ്ടി ഒരു സംഘത്തെ അയച്ചു. മർക്കോസിന്റെ സുവിശേഷം മൂന്നാം അധ്യായത്തിലാണ് ആദ്യകേന്ദ്ര സംഘം യേശുവിനെ അന്വേഷിച്ചു വരുന്നത്. വിലയിരുത്തലുകൾക്കൊടുവിൽ യേശുവിനെതിരേ ഒരു നെഗറ്റീവ് റിപ്പോർട്ടുമായി അവർ മടങ്ങുന്നതും കാണാം. രണ്ടാമതൊരു സംഘംകൂടി ജറുസലെമിൽ നിന്നു വരുന്നത് ഇന്നത്തെ സുവിശേഷത്തിൽ നാം വായിച്ചു കേട്ടു. അവർ വരുന്നത് തുറന്ന മനസ്സോടെയല്ല; മുൻസംഘത്തിന്റെ റിപ്പോർട്ട് ശരിവയ്ക്കാൻ വേണ്ടിമാത്രമാ

ണ്. പാരമ്പര്യങ്ങളെ ഗൗനിക്കാത്ത, ആചാരങ്ങൾ ലംഘിക്കുന്ന ഒരു കുഴപ്പക്കാരൻ എന്ന മുൻവിധിയോടുകൂടിയാണ് അവർ യേശുവിന്റെ പ്രവർത്തികളെ വിലയിരുത്തുന്നത്. ഇത്തവണ അവർ യേശുവിന്റെ പ്രവർത്തികളിൽ കണ്ട പ്രധാന ആചാര ലംഘനം ശുദ്ധിയുമായി ബന്ധപ്പെട്ടതാണ്. പക്ഷേ, ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഇത് വ്യക്തി ശുചിത്വവുമായി ബന്ധപ്പെട്ട സംഗതിയല്ല. മറിച്ച്, ആചാരശുചിത്വം മാത്രമാണ്. യാഥാസ്തികനായ ഒരു യഹൂദനെ സംബന്ധിച്ചിടത്തോളം ഭക്ഷണം കഴിക്കുന്നതിനുമുൻപ് അശുദ്ധമായ കൈകൾ വൃത്തിയായി കഴുകിയാൽ മാത്രം പോരാ, രണ്ടാമതൊരു ആചാര ശുദ്ധീകരണം കൂടി നടത്തേണ്ടതുണ്ട്. അതിന് ചില പ്രത്യേകരീതികളുമുണ്ട്. വലിയ ഭക്തിയും പാരമ്പര്യവും അവകാശപ്പെടുന്ന യഹൂദൻ ഭക്ഷണത്തിനു മുൻപു മാത്രമല്ല, അതിന്റെ ഇടവേളകളിലും ഈ ആചാരശുദ്ധി നടത്തും. അത് നിർബന്ധമാണ്. ആചാരശുദ്ധി നടത്താത്തവൻ വേശ്യക്ക് ഒപ്പം ശയിച്ചവനെപോലെ പാപിയാണെന്നുപോലും ചില യഹൂദറബ്ബികൾ പഠിപ്പിച്ചിരുന്നു.

യേശുവിനു ഇതെല്ലാം വെറും പ്രഹസനമായാണ് തോന്നിയത്. ഇത്തരം അബദ്ധങ്ങളെ അവൻ ധൈര്യപൂർവ്വം ചോദ്യം ചെയ്തു. ശുദ്ധൻ- അശുദ്ധൻ, വിശുദ്ധൻ- പാപി, സമ്പന്നൻ-ദരിദ്രൻ, ശത്രു-മിത്രം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങൾക്കും വേർതിരിവുകൾക്കും യഹൂദരുടെ യാഥാസ്ഥിതിക ധാർമികതയ്ക്കും ഉപരിയായിട്ടുള്ള അർത്ഥങ്ങൾ യേശു നൽകി. താൻ അച്ചടക്കവും അനുസരണയുമുള്ള ഒരാളാണെന്ന് തെളിയിച്ചു. അവരുടെ അനുമോദനപത്രം വാങ്ങിക്കേണ്ട ആവശ്യം അവനില്ലായിരുന്നു. വിമർശിക്കാനും വിലയിരുത്താനും നിൽക്കുന്നവരുടെ മുമ്പിൽ അർത്ഥമില്ലാത്ത ആചാരങ്ങളെ മുറുകെ പിടിക്കുന്ന വ്യക്തിയാണ് താൻ എന്ന് അഭിനയിക്കാൻ യേശുവിനു അറിയില്ലായിരുന്നു. കാരണം, അവനൊരു നടനല്ലായിരുന്നു. പക്ഷെ ജനങ്ങളുടെ ക്ലേശങ്ങളെ സമുദായത്തിനുവേണ്ടിയുള്ള ത്യാഗങ്ങളായി വിശേഷിപ്പിക്കുന്നവരെ, അന്ധമായ ആചാരങ്ങളുടെ ഉപാസകരെ കപടനാട്യക്കാർ എന്നാണ് യേശു വിളിച്ചത്.

Date of Publication: 13 July 2021 / Karunikan RNI No. KERMAL/2007/19623.
Registration No.KL/EKM/ 729/ 2021-23 (Page 41)

അവർ നല്ല അഭിനേതാക്കളായിരുന്നു. അത്തരക്കാർ ദൈവാലയങ്ങളിൽ പോകുന്നു, പക്ഷെ അവരുടെ ഹൃദയം പുറത്തെവിടെയോ കറങ്ങി നടക്കുന്നു. അവർ വിശുദ്ധഗ്രന്ഥം വായിക്കുന്നു, പക്ഷെ അവരുടെ ഹൃദയമിഴികൾ അടച്ചിരിക്കുന്നു. അവർ ഉറക്കെ പ്രാർത്ഥിക്കുന്നു, ദാനധർമ്മങ്ങൾ നടത്തുന്നു, പക്ഷെ അവരുടെ ഹൃദയം അവനിൽനിന്നും അകന്നിരിക്കുന്നു. ഒരു സമൂഹം മാറ്റം ആഗ്രഹിക്കുന്നെങ്കിൽ ആദ്യം ആ സമൂഹത്തിൽ നിന്ന് പുറത്തു പോകേണ്ടത് ഇത്തരത്തിൽ ഹൃദയമില്ലാത്ത കപടനാട്യക്കാരാണ്.

സമൂഹത്തിന്റെ കാര്യത്തിലെന്നതുപോലെതന്നെ, ഒരു വ്യക്തി നന്നാകണമെങ്കിൽ പുറമേനിന്നുള്ള സമ്മർദ്ദങ്ങളല്ല വേണ്ടത്. മറിച്ച് ആന്തരികമായ മാറ്റമാണെന്നുകൂടി യേശു ഇന്നത്തെ സുവിശേഷത്തിൽ പറയുന്നുണ്ട്. അടഞ്ഞ സമൂഹവും അടഞ്ഞ മനസ്സുള്ളവരും കെട്ടികിടക്കുന്ന വെള്ളം പോലെയാണ്. കുറേ കഴിയുമ്പോൾ വെള്ളത്തിനു അസ്സഹനീയ നാറ്റം ഉണ്ടാകും. കുളവും കിണറുമൊക്കെ ഇടയ്ക്കിടെ തേകി വെള്ളം പുറത്തേക്ക് കളയുന്നതുപോലെതന്നെ ഹൃദയത്തിൽ കെട്ടികിടക്കുന്ന ദുഷ്ചിന്തകളും കോരിയെറിയണം. എങ്കിലേ ഉറവകൾ ഉണർന്നു നല്ല ചിന്തകളുടെ തെളിനീര് പുറത്തേയ്ക്ക് വരൂ. ചുരുക്കത്തിൽ കരുണയില്ലാത്തവരും കപടനാട്യക്കാരുമായ വ്യക്തികൾ പുറത്തേക്കുപോകുമ്പോൾ സമൂഹം നന്നാകുന്നതുപോലെ ഹൃദയത്തിനുള്ളിലെ അശുദ്ധ ചിന്തകൾ പുറത്തേക്കുപോകുമ്പോൾ വ്യക്തികളും നന്നാകുന്നു. സമൂഹവും വ്യക്തികളും വിചിന്തനം ചെയ്യേണ്ട കവി മൊഴി ഇതാണ്, ഇടയ്ക്കൊക്കെ 'നിങ്ങളോർക്കുക നിങ്ങളെങ്ങനെ നിങ്ങളായെന്ന്.'

**ഫാ. സാമുവൽ OFM Cap.**

*Printed & Published by Fr. Jacob Naluparayil, Edited by Fr. Joy Chencheril, MCBS House, Perumanoor P.O, Kochi -15, Printed at Anaswara Offset, Kochi*